വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൨) ക്രൻവൻ ഡിസംബർ (ലക്കം ന്യ-

LICENSE No. 183

മദ്ധ്യസ്ഥൻ.

പുസ്തകം ൨] ഫ്രൻവരി ഡിസംബർ [ലക്കം ൧൧.

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഭ്രമണത്താലും

ചങ്ങനാശ്ശേരി രൂപതയുടെ

മെത്രാനായ നാം



കാളാശ്ശേരിൽ ജെയിംസ്

മെത്രാൻ

നമ്മുടെ ആജ്ഞയിൻ കീഴുള്ള പള്ളികളിലെ ബ. വികാരിമാർക്കും, അസിസ്റ്റന്തിമാർക്കും, ഇടവകപട്ടക്കാർക്കും, സന്ന്യാസാന്തസ്സുകാർക്കും, വിശ്വാസികൾ എല്ലാവർക്കും നമ്മുടെ കർത്താവീശോ മിശിഹായിൽ സമാധാനവും ആശീർവ്വാദവും.

"സർവ്വജനത്തിനുമുണ്ടാവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്കാ ൨–൧൦.)

വന്ദ്യസഹോദരരെ, സ്നേഹമുള്ള മക്കളെ,

ആഗമനകാലവും, സകലലോകത്തിനും സന്തോഷകരമായ പിറവിത്തിരുനാളും, ആനന്ദപ്രദമായ അമലോത്ഭവത്തിരുനാളും, പ.പിതാവു മഹാ പീയൂസ്സു തിരുമനസ്സിലെ ഗുരുപ്പട്ടസ്വീകരണ ജൂബിലിയും, നാം മിസ്സഭരണമേറ്റതിന്റെ ദ്വിതീയവാർഷികദിനവും ആസന്നമായിരിക്കുന്ന ഈ ശുഭാവസരത്തിൽ നമ്മുടെ വാത്സല്യമക്കളായ നിങ്ങൾക്കായിനാം അയക്കുന്ന ഈ ഉപദേശം നിങ്ങളേവരും ശ്രദ്ധാപൂർവ്വം കേട്ടനുസരണം പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

പ്രിയരെ!

അന്ധകാരവും, അവിശ്വാസവും സർവ്വത്രവ്യാപിച്ച് സർവ്വവിധ നിരാശകൾകൊണ്ട് നിറഞ്ഞിരുന്ന ഭൂമണ്ഡലത്തെ പ്രകാശിപ്പിക്കുന്നതിനായി നീതിസൂര്യനായ ത്രിയേക സർവ്വേശ്വരന്റെ ഏകപുത്രൻ മനുഷ്യാവതാരം ചെയ്യുമെന്നു വിശ്വസിച്ചിരുന്ന പൂർവ്വപിതാക്കന്മാർ ആ ലോകപരിത്രാതാവിന്റെ ആഗമനത്തെ അക്ഷമരായി പ്രത്യാശിച്ച് പ്രതീക്ഷിച്ചു, നാലായിരം വത്സരങ്ങളുടെ സ്മരണക്കാണല്ലൊ ആഗമനകാലത്തിലെ നാലാഴ്ചവട്ടങ്ങൾ നാം നോമ്പായി ആചരിക്കുന്നത്.

ബെത്‌ലഹമ്മിലെ നിരക്ഷരരക്ഷികളായ ഇടയന്മാരെ ദൈവദൂതൻ അറിയിച്ച ആ "മഹാസന്തോഷം" സകലർക്കുമുണ്ടാകുവാനുള്ളതായിരുന്നു. എന്തെന്നാൽ സകലമനുഷ്യരും രക്ഷപ്രാപിക്കേണമെന്നാഗ്രഹിക്കുന്ന ദൈവം പരിശുദ്ധന്മാർക്കെന്നപോലെ പാപികൾക്കും വേണ്ടിയാണത്രെ തന്റെ ഏകകുമാരനെ അയച്ചത്. എന്നാൽ നിർഭാഗ്യമെ!! എത്രകോടി ജനങ്ങൾ ഇന്നും ആ മഹാസന്തോഷത്തിൽ പങ്കുകൊള്ളാനിരിക്കുന്നു!i

അപ്രകാരമുള്ളവരോടു ആ സാധുക്കളായ ഇടയന്മാർ പറഞ്ഞതുപോലെ „നമുക്കു ബത്‌ലഹമിലേക്കു പോകാം„ എന്നുപറവാനുള്ള കടമകളെല്ലാം യഥാർത്ഥകത്തോലിക്കർക്കുമുണ്ട്. ബെത്‌ലഹം, എന്ന പദത്തിനു അപ്പത്തിന്റെ ഭവനം എന്നാണർത്ഥം. അതെ, കത്തോലിക്കാത്തുവിയിൽ ജീവിക്കാത്തവരോടും അകത്തോലിക്കരോടും മാലാഖമാരുടെ അപ്പത്തിന്റെ ഭവനമായ കത്തോലിക്കാസഭയെപ്പറ്റി ആ നല്ലിടയന്മാരുടെ ഏളിമയോടും ഹൃദയശുദ്ധിയോടുംകൂടി പറകയും നമ്മുടെ നന്മാതൃകവഴിയായി അവരെ ആകർഷിക്കയും ചെയ്യേണ്ടതു നമ്മുടെ കടമയാണു. അപ്പോൾ നമ്മുടെ കർത്താവിന്റെ പിറവിയുടെ സന്തോഷത്തിനും തദവസരത്തിൽ മാലാഖമാരാൽ വാഗ്ദാനം ചെയ്യപ്പെട്ട സമാധാനത്തിനും നാം അർഹരായിരിക്കും.

മിശിഹായുടെ പിറവി ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ലോകത്തിൽ നന്മനസ്സുള്ളവർക്കു സമാധാനവും നൽകുന്നു. സർവ്വസ്തുതിയും ദൈവത്തിനുള്ളതാകുന്നു. എന്നാൽ "എന്റെ സ്തുതി മറ്റൊരുത്തനുകൊടുക്കയില്ല." എന്ന് ഏശയ്യാ പ്രവചനദർശിവഴി ദൈവം അരുളിച്ചെയ്യുന്നതിനെ ഗണ്യമാക്കാത്ത മനുഷ്യകിടങ്ങളില്ലെ? അവരാണു അഹങ്കാരത്തിന്റെ പുത്രന്മാർ. അവരിനാൽ നമുക്കു രാജദ്വിഷ്ടശിയോടുകൂടി „ഞങ്ങൾക്കല്ല, കർത്താവെ അങ്ങൾക്കുമല്ല, നിന്റെ തിരുനാമത്തിനു സ്തുതിഉണ്ടാകട്ടെ„ എന്നു ചൊല്ലാം. സമാധാനരാജന്റെ വാഗ്ദാനം ചെയ്യപ്പെട്ട സമാധാനത്തെ പ്രതീക്ഷിക്കാം.

അതെ, നമ്മുടെ പാപകാഠിന്യത്താൽ കോപിച്ചിരിക്കുന്ന ദൈവത്തോടും നമ്മുടെ സ്വാർത്ഥത്താൽ കോപിച്ചിരിക്കുന്നവരായിരിക്കുന്ന അയല്ക്കാ

രനോടും, നിഗളത്താലും ലോകസൗഖ്യങ്ങളിലുള്ള ക്രമമില്ലാത്തവകൂത്താലും കലങ്ങിയിരിക്കുന്ന നമ്മുടെ ഹൃദയത്തോടും നമുക്ക് സമാധാനപ്പെടാം. അതിനുള്ള പോംവഴികൾ തേടുന്നതിനും തേടി കണ്ടുപിടിച്ച് ശരിപ്പെടുത്തുന്നതിനുമായി ഈ സ്വീകാരകാലത്തിൽ നിങ്ങൾ ജപതപസ്സുകളേയും ദാന ധർമ്മാദികളേയും ഭക്തിപൂർവ്വം അനുഷ്ഠിച്ചുകൊണ്ട് നമ്മുടെകർത്താവിന്റെ വഴികളെ തയ്യാറാക്കുവിൻ.

എന്നാൽ പാപം നിമിത്തം കോപിച്ചിരിക്കുന്ന ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിന് പാപികളുടെ സങ്കേതമായ ദൈവമാത്രമാവിങ്കൽ അണയുന്നതേക്കാളും സുഗമമായ മാർഗ്ഗം വേറൊന്നുമില്ല. സൃഷ്ടിക്കുമുമ്പേ വരുന്ന ഉഷ: കാലനക്ഷത്രംപോലെ അനാദിയിലെ (സനാതനമായി) അവൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളാകുന്നു. അതിനാൽ സുപരിശുദ്ധനായ ദൈവത്തിന്റെ മാതാവ് പാപത്തിന്— പിശാചിന്— ഒരുനിമിഷമെങ്കിലും അടിമയായിരുന്നു എന്നു വിചാരിക്കുന്നത് ദൈവനിന്ദ യാണെന്നുള്ളതിനു തർക്കമില്ല. ഏതുമൂലം മറിയം അമലോത്ഭവയാകുന്നു "എന നിത്യസത്യത്തെ തിരുസഭ പ്രഖ്യാപനം ചെയ്യുംദൈവജനനിതന്നെ ലൂർദിൽ" "മസ്സബെല്ല," എന്നഗുഹയിൽ പ്രത്യക്ഷയായിഅതിനെസ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

ആയതിനാൽ മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ ക്രിസ്ത്യാനികൾക്കു അനന്തപ്രമോദമായിരിക്കണം. അതിനെനിങ്ങൾ പൂർവ്വാധികം ഭക്തിയോടുകൂടി കൊണ്ടാടണമെന്ന് നാംഅഭ്യർത്ഥിക്കുന്നു. അപ്രകാരം ചെയ്യുമെങ്കിൽ തൻറെസഹായത്തെ ഇന്നവരിൽഒരുവനേയുംഉപേക്ഷിക്കാത്ത അ എത്രയും ദയയുള്ളമാതാവ് നമേവരേയും കാത്തുകൊള്ളും. എന്നാൽ,അമലോത്ഭവത്തിരുനാൾ വിശുദ്ധയുടെതോടുകൂടി കൊണ്ടാടേണ്ടിയിരിക്കുന്നു. മറിയം ദൈവത്തിന്റെ മാതാവായതു അവളുടെ എളിമയാലും വിശുദ്ധിയാലും, അതെന്ന് സഭാപിതാക്കന്മാർ പാടിപ്പുകഴ്ത്തുന്നു. അഹങ്കാരവും അശുദ്ധിയും വർദ്ധിച്ചിരിക്കുന്ന ഈകാലത്തു കന്യകകളിൽ എളിയവളുംകന്യാവ്രതക്കാരുടെ രാജ്ഞിയുമായ മറിയത്തിന്റെ സഹായത്തെ നേടാത്തവന്റെ രക്ഷ സംശയാസ്പദമാണെന്നുള്ളതിനു തർക്കമില്ല.

പരിപാവനമായ വിവാഹമെന്ന മഹാക്രമാശയെ മലിനപ്പെടുത്തി മൃഗതുല്യം ജീവിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും, അവർ ക്രിസ്തീയസമാധാനത്തിൽ ഏകയോഗക്ഷേമമായിജീവിക്കുന്നതിനു തടസ്സംചെയ്യുന്ന അവരുടെ മാതാപിതാക്കന്മാരാദിയായവർക്കുവേണ്ടിയും!! ബാലികാബാലന്മാരുടേയും യുവതീയുവക്കന്മാരുടേയും ഭരണമേറ്റിട്ടുള്ളവർ അവരുടെ ഭരണീയരേയും മാതാപിതാക്കന്മാർ അവരുടെ സന്താനങ്ങളേയും എളിമയിലും വിശുദ്ധിയിലും വളർത്തുന്നതിൽ എതുമധികശ്രദ്ധിച്ചാലും അധികമായിപ്പോകയില്ലെന്ന് അവരെനാം ഓർമ്മിപ്പിക്കുകയും തദ്വ്യവഛേദിക്കാ

യി അമലോത്ഭവത്തിരുനാളിനാരംഭമായിനടത്തപ്പെടുന്നതാണെന്നും എല്ലാവരും സംബന്ധിക്കണമെന്നും നാം ആഗ്രഹിക്കുകയും ചെയ്യുന്നു.

വാത്സല്യമക്കളെ! ഇപ്പോൾ ഭാഗ്യത്തോടെ വാഴുന്ന ഫ്രാൻസീസ് മാർപ്പാപ്പാതിരുമനസ്സിലെ ഗുരുപട്ടസ്വീകരണജൂബിലി ഈ ഡിസംബർ 21-ാംനു- യാണെന്നു നാം അറിയിച്ചിരുന്നതനുസരിച്ച് ജൂബിലിസ്മാരകമായി ഓരോ പള്ളികളിൽനിന്നും അയച്ചുതന്നഞ്ഞൂറുക്കുംപരം രൂപായും ഇടവകയിട്ടിയിട്ടുള്ളതിനുപുറമെ നമ്മുടെ ഭദ്രാസനപള്ളിയിലെപുരാതനകരികൾക്കുരിശിന്റെ മാതൃക വിശേഷവിധമായി സിമൻറിൽ തീർപ്പിച്ച് പ. പിതാവിനുസമ്മാനമായിഅയച്ചിട്ടുണ്ടെന്നും ജൂബിലിസ്മാരകമായി നമ്മുടെ അമ്മനയുടെമുമ്പിൽപബ്ലിക്കുറോഡിനു സമീപം പണുതിട്ടുള്ള കപ്പേളയുടെ ഇൽഘടനകർമ്മം ജൂബിലിദിവസമായ 21-ാംനു- തന്നെനടത്തുന്നതാണെന്നും നിങ്ങളെഅറിയിക്കുന്നതിൽ നമുക്കുസന്തോഷമുണ്ട്.

എന്നാൽ ഈ പ. പിതാവിന്റെ മുങ്ങിയകാലത്തെ ഭരണത്തിൽസംഭവിച്ചപൊതുവിലും നമുക്കുപ്രത്യേകിച്ചുബാധിച്ചിരിക്കുന്ന അനുഗ്രഹങ്ങൾവിചാരിച്ചാൽ ഈ നിസ്സാരകാര്യങ്ങൾകൊണ്ടു തൃപ്തരാകൻവാടില്ലാത്തതാണ്. അവിടുന്നുസിംഹാസനാരോഹണം ചെയ്യുമ്പോൾ സ്വീകരിച്ച "ക്രിസ്തുവിന്റെ വാഴ്ചയിൽ ക്രിസ്തുവിന്റെ സമാധാനം" എന്ന മുദ്രാവാക്യത്തെ അക്ഷരംപ്രതി അർത്ഥവത്താക്കുന്നതിനു അവിടുന്നു ചെയ്തിട്ടുള്ള ശ്രമങ്ങൾ അന്യാദൃശങ്ങളാണെന്നുള്ളതിനു ഇന്നു ലോകത്തിൽസർവ്വത്രഉണ്ടായിട്ടുള്ള വേദപ്രചാരണ സംബന്ധമായ ഉണർവ്വും, അസാദ്ധ്യമെന്നു ലോകംകരുതിയിരുന്നതും, രാഷ്ട്രീയ ഭരണ വിഷയകമായി പ. സിംഹാസനവും ഇത്താല്യൻഗവൺമെൻറും തമ്മിൽഉണ്ടായിരുന്നതുമായതർക്കത്തിന്റെ സന്തോഷജനകമായ രീതിമാനവും ധാരാളംസാക്ഷ്യംവഹിക്കുന്നുണ്ടു.

കേരളീയ കത്തോലിക്കരോട് മാർപ്പാപ്പാതിരുമനസ്സിലേക്കു പ്രത്യേകവാത്സല്യമുണ്ടെന്നു നമുക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ളതാണ്. ചിരപ്രതീക്ഷിതമായ മലങ്കരഹൈരാർക്കിയുടെപുന: സ്ഥാപനം, ഭാഗ്യസ്മരണയുള്ളർഹനായ നമ്മുടെ സ്നേഹമുൻഗാമിയുടെ ഭീനത്തിലും മരണത്തിലും തിരുമനിചെയ്ത ഉൽക്കണ്ഠാപൂർവ്വമായ പൈതൃകാന്വേഷണങ്ങൾ എന്നിത്യാദി സംഭവങ്ങൾവിചാരിച്ചാൽ ജൂബിലിദണ്ഡവിമോചനപ്രാപിക്കുവാനും തിരുമൽക്കാഴ്ചകൾ സമർപ്പിച്ച് പ. പിതാവിന്റെ ആശീസ്സുകൾ അപേക്ഷിക്കുവാനുമായി, ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും നിത്യനഗരമായറോമിലേക്കുപോകുന്നലക്ഷോപലക്ഷം തീർത്ഥാടകരോടൊന്നിച്ചു നാമേവരും അവിടെഎത്തിച്ചേരുന്നതിനുപ്രകടിപ്പിച്ചാലും മതിയാകയില്ല.

എന്നാൽ അതു് ഇപ്പോൾ കേവലം അസാദ്ധ്യമായതിനാൽ പ. പിതാവിനോടു് പ്രതിദിനം പ്രാർത്ഥിക്കുന്നതിനു പകരം അവിടുത്തെ ഈ സമ്മാനമുപയോഗിച്ചു് നമ്മുടെ മിസ്സത്തിൽ എല്ലായിടത്തും യഥാശക്തി കൊണ്ടാടണമെന്നു നാം അഭ്യർത്ഥിക്കുന്നു. കൂടാതെയും ഡിസംബർ 12-ാം- ഓരോ പള്ളിയിലും ആ പള്ളിയുടെ സ്ഥിതി പോലെ പാട്ടു കുർബ്ബാനയോ ഓർക്കുർബ്ബാനയോ ചൊല്ലിക്കുകയും വി. കുർബ്ബാന പരസ്യമായി എഴുന്നള്ളിച്ചു് "ചക്ക അപ്പാഹാ" പാടി വാഴ കൊട്ടുക്കയും ചെയ്യണമെന്നും നാം ആജ്ഞാപിക്കുന്നു.

വന്ദ്യ സഹോദരെ വാത്സല്യ മക്കളെ,

അനുഗ്രഹത്തിൻറെ വത്സരമെന്ന സംജ്ഞയെ സവിശേഷം അർഹിക്കുന്ന ൻറൻ-ൻറെ അവസാനവും നമ്മുടെ പട്ടാഭിഷേകത്തിൻറെയും ഭരണാരംഭത്തിൻറെയും രണ്ടാം വാർഷിക ദിനങ്ങളും സമീപിച്ചിരിക്കുന്ന ഈ അവസരത്തിൽ ഇതുവരെ നിങ്ങൾ നമ്മോടു കാണിച്ചിട്ടുള്ള സ്നേഹാദരവുകളെ നാം അനുസ്മരിക്കുകയും അനുഗ്രഹിതനായ ദൈവം നിങ്ങൾക്കും നമുക്കും നൽകിയ നിരവധി നന്മകൾക്കായി പൂർണ്ണഹൃദയത്തോടുകൂടി സ്തോത്രം ചെയ്യുകയും ചെയ്യുന്നു.

"നിൻറെ രാജ്യം വരണം" എന്നുള്ള നമ്മുടെ മുദ്രാവാക്യത്തെ അർത്ഥവത്താക്കുന്നതിനായുള്ള നമ്മുടെ ശ്രമങ്ങൾ പ്രായേണ സഫലമാകുന്നുണ്ടെന്നു പറവാൻ നമുക്കു സന്തോഷമുണ്ടു്. ഈ രണ്ടു വത്സരംകൊണ്ടു വുദ്ധ അകത്തോലിക്കരും ഓർത്തഡോക്സുവരുംമനസ്സുതിരിഞ്ഞു എന്നറിയുന്നതു് നമുക്കെന്നപോലെ നിങ്ങൾക്കും ആനന്ദപ്രദമായിരിക്കുമല്ലോ. മതപ്രചാരണത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള മഹനീയ സ്ഥാനം മനസ്സിലാക്കി നമ്മുടെ വന്ദ്യ മുൻഗാമി സമാരംഭിച്ച കോളേജിൻറെ പുരോഗമനത്തിനായി നടത്തുവാൻ നിശ്ചയിച്ച ലേലച്ചിട്ടി നിങ്ങളേവരുടേയും പ്രോത്സാഹകമായസഹകരണത്താൽശരിയായിആരംഭിച്ചതുപോലെ ശുഭമായി പര്യവസാനിക്കുമെന്നും നാം വിശ്വസിക്കുന്നു. എന്നിരുന്നാലും വേദപ്രചാരണത്തിനുള്ള സഹായ സഹകരണങ്ങൾ ഒരിക്കലും അധികമായി പോകയില്ലെന്നുള്ള വസ്തുത നിങ്ങളെ അനുസ്മരിപ്പിക്കുകയും മിഷ്യൻ വേലക്കു ശരിയായ ഒരു സംഘടന രൂപീകരിക്കുന്നതിനുള്ള നമ്മുടെ ശ്രമത്തിൽ ബ. അച്ചന്മാരും പ്രിയവിശ്വാസികളും ഹൃദയപൂർവ്വം നമ്മെ സഹായിക്കുമെന്നു് നാം പൂർണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു.

കടശ്ശിയായി, വന്ദ്യ സഹോദരരെ സ്നേഹമുള്ള മക്കളെ,

പിറവിയുടേയും പുത്തനാണ്ടിൻറേയും മംഗളങ്ങൾ നിങ്ങളേവർക്കും നാം ആശംസിക്കുകയുംപോകുന്നതിനു നൽകുവാൻ സാധിക്കാത്തതായ മിശിഹായുടെ സമാധാനം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും, നമ്മുടെ മിസ്സത്തിലുണ്ടാകുന്നതിനു സമാധാനത്തിൻറെ ശിഷ്യരാജ

നെ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു ബാവായുടേയും പുത്രന്റേയും പരി
ദ്ധാത്മാവായുടേയും നാമത്തിൽ നിങ്ങളേവരേയും നാം ആശീർവ്വദിക്കുന്നു

എന്നു ചങ്ങനാശ്ശേരിൽ } കാളാശേരിൽ ജയിംസ്
നമ്മുടെ } ചങ്ങനാശ്ശേരി ശ്ലീഹായുടെ മെത്രാൻ.
അരമനയിൽനിന്നു.
ഫർവ്വരി 21 }
വ. ക. മ. തിരുനാൾ ദിവസം

N.B ഈ കല്പനഅടുത്തഞായറാഴ്ചകളിൽ കുർബ്ബാനയുടെ
ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ പരസ്യപ്പെടുത്തേണ്ടതാണു്

ഇംഗ്ലണ്ടിലെ

മാനസാന്തരപ്രവാഹം.

(സത്യനാദം.)

ഇംഗ്ലണ്ടിൽ അടുത്ത ദിവസങ്ങളിലുണ്ടായിട്ടുള്ള പ്രസ്താവയോഗ്യമായ മാനസാന്തരങ്ങളിൽ ഒന്നു് റവ: വെല്ലിംഗ്ടൻ ജോൺസൺ അവർകളുടേതാണു്. ആംഗ്ലിക്കൻ സഭയുടെ ഏറ്റവും അന്തർഭാഗമായ ഒരു സമ്പത്തായി കരുതപ്പെട്ടിരുന്ന ഫാദർ പെർണ്ണർ കഴിഞ്ഞ സെപ്തമ്പർ മാസം ഹാവർസ്റ്റോക്ക് ഹിൽപ്പള്ളിവച്ചു കത്തോലിക്കാമതം സ്വീകരിച്ചിരിക്കുന്നു. "ആംഗ്ലിക്കൻ സഭയിൽ ഫാദർ പെർണ്ണർ ഉള്ള കാലത്തോളം നാം ആസഭയിൽ നില്ക്കുന്നതുകൊണ്ടു തരക്കേടില്ല,, എന്നു ആംഗ്ലിക്കൻ സഭാംഗങ്ങളിൽ അനേകം പേരും പറയാറുണ്ടായിരുന്നുവത്രെ. ആ ആംഗ്ലിക്കൻ പൈതികന്റെ സാമർത്ഥ്യത്തിലും, സ്വഭാവശുദ്ധിയിലും അദ്ദേഹത്തിന്റെ സ്വജനങ്ങൾക്കു അത്രമേൽ വിശ്വാസബഹുമാനങ്ങളുണ്ടായിരുന്നുവെന്നു താല്പര്യം. അങ്ങിനെയുള്ള ഒരു പൈതികനാണു ആംഗ്ലിക്കൻ സഭയേയും, ആസഭയിൽ തനിക്കുണ്ടായിരുന്ന സമൃദ്ധ്യായുസ്സ്ഥാനത്തേയും വിട്ടുപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേർന്നതു്. അദ്ദേഹത്തിനുണ്ടായിരുന്ന അഭിവന്ദകന്മാരിൽ അധികമാരുംഅദ്ദേഹത്തെപ്രകാരത്തിൽ പരസ്യമായി ശ്ലാഘിക്കുകയോ, അനുകരിക്കുകയോ ചെയ്യുമെന്നു തോന്നുന്നില്ല. അനുകരിക്കുക ഏതായാലും പ്രയാസമായിരിക്കും. ഫാദർ പെർണ്ണറോടുള്ള ഒരാളുടെ പാണ്ഡിത്യത്തേയോ, പ്രസംഗചാതുരിയേയോ ഒക്കെപ്പുകഴ്ത്തുകയെന്നതു് എളുപ്പമാണു്. എന്നാൽ അദ്ദേഹത്തോടുള്ള ഒരാൾ കത്തോലിക്കാസഭയിലേയ്ക്കു കടക്കുമ്പോൾ അയാളുടെ കാലടിപ്പാടുകളെ അനുഗമിക്കുക എന്നതു വളരെ പ്രയാസമുള്ള ഒരു സംഗതിയാകുന്നു. അങ്ങിനെ ഒരാളെ അനുഗമിക്കുക വാക്കുകൊണ്ടുള്ള കാര്യമല്ലാ, പ്രവൃത്തി

കൊണ്ടുള്ള കായ്കൂമാണ്. അതു കുറെ ത്യാഗവും, കുറെ കേ ളശവും, കുറെ ധർമ്മധീരതയും, കുറെ ഹൃദയ പരിശുദ്ധിയും, കുറെ സത്യതല്പരതയും സവ്വോപരി കുറെ ദൈവാനുഗ്രഹവും ആവശ്യമുള്ള ഒരു സംഗതിയാകുന്നു. അതുകൊണ്ടാണു ഹാർ വെർഡ്ഡന്റെപ്പോലുള്ളവരുടെ എണ്ണം, കർട്ടിനാൽ സ്മാനേറ്റ്പ്പോലുള്ളവരുടെപോലും മനസ്സാന്തരങ്ങൾക്ക അവ അർഹിക്കുന്നേടത്തോളം അനുഗമനം പുറത്തുനിന്നുണ്ടാകാതെ പോകുന്നതു്. എങ്കിലും താല്ക്ഷണികമനസ്താപങ്ങൾ, അവയെ വെറുക്കുന്നവരുടെ മനസ്സിൽത്തന്നെയും ചില വിപ്ലവങ്ങളും പരിവർത്തനങ്ങളും ഉളവാക്കാതിരിക്കയില്ല. ആ മനസ്താപംതന്നെ ഒരു ആത്മാവിന്റെ മതമാറ്റത്തിനുള്ള ഒന്നാമത്തെ അന്തഃകരണപ്രേരണയും, ഒന്നാമത്തെ ദൈവവിളിയുമായിരിക്കാം; ആ കാരണത്താൽ ആ മനസ്താപം അതിന്റെ മുളയിൽ എതുയും പരിശുദ്ധവുമായിരിക്കാം. എന്നാൽ മിഷ്യാത്മാവു് ആ പ്രേരണയേയും വിളിയേയും ദുഷ്പ്രയോഗിക്കുന്നതായിട്ടാണു പലപ്പോഴും അനുഭവം.

കർട്ടിനാൽ സ്മാനേറ്റയുംമറ്റും മനസ്താപത്തിനുശേഷം അവരേയും, സത്വര കൊണ്ടു മാത്രം ആ മഹാപണ്ഡിതകുലത്തെ സമാകർഷിച്ച കത്തോലിക്കസഭയേയും അധിക്ഷേപിക്കുവാൻ പുറപ്പെട്ടവരുടെ മനഃസ്ഥിതിമേൽപറഞ്ഞ പരിശുദ്ധമായ മനസ്താപത്തിന്റെ ദുഷ്പ്രയോഗം കൊണ്ടുണ്ടായതാണെന്നുപറഞ്ഞാൽ വലിയ അബദ്ധമില്ല. ഈ ഒരു മനഃസ്ഥിതിയാൽ നമ്മുടെ നാട്ടിലെ ചില അകത്തോലിക്കരും ചിലപ്പോഴൊക്കെ വഞ്ചിതരാകുന്നില്ലയോ എന്നു ആലോചിച്ചു നോക്കുന്നതു നന്നായിരിക്കും. നമ്മുടെ നാട്ടിലെ അകത്തോലിക്ക ക്രിസ്തീയ സഹോദരങ്ങൾ പ്രായേണ യാതൊരു സഭയെ അധാരവും അവലംബവുമായി കരുതിപ്പോരുന്നുവോ, ആ ആംഗ്ലിക്കൻ സഭയുടെ അടിസ്ഥാനമായിലെ ആണിക്കല്ലുകൾതന്നെ അനുക്ഷണം ഇടഞ്ഞടഞ്ഞ് കത്തോലിക്കസഭയിലേയ്ക്കു വീണുകൊണ്ടിരിക്കുന്നുവെന്ന കാഴ്ച എതുയോ കൊല്ലങ്ങളായിട്ടു നാം കണ്ടുകൊണ്ടിരിക്കുയാണ്. പക്ഷെ ആ കാഴ്ചയിൽ നിന്നുണ്ടായ നമ്മുടെ അകത്തോലിക്കക്രിസ്തീയ സഹോദരങ്ങൾ—മറ്റു സഹോദരങ്ങളുടെ കഥ പറയാനില്ലല്ലൊ—എടുക്കുന്ന പാഠം വലുപ്പോഴും പിഴച്ചുപോയിട്ടില്ലയോ? സത്യാന്വേഷകന്മാരുടെ സത്യതല്പരതയാലും നന്മനസ്സിനാലും, കത്തോലിക്കസഭയുടെ സത്യത എന്ന പ്രേരണശക്തിയാലും മാത്രം നടക്കുന്ന താല്ക്ഷണികമനസ്താപങ്ങൾ ഉണ്ടായിക്കാണുമ്പോൾ, ആ കാരണത്താൽത്തന്നെ കത്തോലിക്കസഭയേയും, അതേവരെ തങ്ങളുടെ ബഹുമാനാദരങ്ങളെ അർഹിച്ചിരുന്ന ആ സഹോദരങ്ങളേയും വെറുക്കുവാനും അധിക്ഷേപിക്കുവാനും മുതിരുന്ന ഒരു മനഃസ്ഥിതി, മറുരാജ്യങ്ങളിലെന്നോണം, ഇവിടത്തേയും അകത്തോലിക്ക ക്രിസ്തീയ സഹോദരങ്ങളുടെ ഇടയിൽ ഉണ്ടാകുമാറില്ലയോ? ഈ മനഃസ്ഥിതി സത്യത്തോടുള്ള സ്നേഹത്തിൽനിന്നോ, വിദ്വേഷത്തിൽ നിന്നോ, സത്യാന്വേഷണശീലത്തോടുള്ള ബഹുമാനത്തിൽനിന്നോ അജ്ഞതയിൽ നി

ന്നോ പറയട്ടെന്നുവെച്ചു് ഓരോരുത്തരും ശാന്തമായി ആലോചിച്ചു നോക്കേണ്ടതാണു്. വസ്തുവും പറഞ്ഞാൽ കത്തോലിക്കസഭയോടു അന്യർക്കുള്ള ഏറവും വലിയ ഒരു പകയും ദ്വേഷവും ആ സഭയുടെ അഭിവൃദ്ധികണ്ടും ആ സഭയിലേക്കു അനുക്ഷണം എത്തിക്കൊണ്ടിരിക്കുന്ന സത്യാന്വേഷകന്മാരുടെ വർദ്ധനകണ്ടുമാണെന്നുള്ളതു്. ഈ വസ്തുതകളെത്തിലെ സ്ഥിതിഗതികൾ ആലോചിച്ചാലും അക്കും വ്യക്തമായി മനസ്സിലാക്കുവാൻ തരമുണ്ടാകുന്നതാണു്. ഉദ്ദാഹരണമായി ഫാദർ വെർണ്ണൻ അവർകളുടെ മാനസാന്തരം പ്രമാണിച്ചു് ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻസഭയിലും രെല്ലെരു തിരയിളകുകയുണ്ടായി. അതിന്റെ സ്വഭാവം എന്തായിരുന്നാലും, ആംഗ്ലിക്കൻ സഭയിൽ നിന്നു കത്തോലിക്കസഭയിലേക്കുള്ള മാനസാന്തര പ്രവാഹം ഏതുപ്രകാരവും ശക്തിയുക്തമാണെന്നുള്ളതിനു യാതൊരുസംശയവുമില്ല. ആംഗ്ലിക്കൻസഭക്കാർ കത്തോലിക്കരെ അനുകരിച്ചു മുന്നു സന്ന്യാസസഭകൾ സ്ഥാപിച്ചതിൽ മുന്നിലേയും പ്രമാണപ്പെട്ട ഉപദേഷ്ടാക്കൾ കത്തോലിക്കസഭയിൽ അഭയം പ്രാപിച്ചുകഴിഞ്ഞു. സൊസൈറ്റി ഓഫ് ദി ഡിവൈൻ കൊമ്പാഷൻ എന്ന സഭയിലെ പ്രധാനപ്രസംഗകനാണു ഫാദർ വെർണ്ണൻ. അദ്ദേഹം കത്തോലിക്കസഭയിലേക്കു പോന്നു. സെയിന്റ് ജോൺ എവെഞ്ചലിസ്റ്റ് എന്നസഭയിലെ പ്രധാന പ്രസംഗകന്മാരായ ഫാദർ റിവിംഗ്ടണും ഫാദർ മാറോറിനും മുമ്പേതന്നെ കത്തോലിക്കസഭയിലേക്കു പോന്നു. ഫാദേഴ്സ് ഓഫ് റിസറക്ഷൻ എന്നസഭയിലെ ഒരു പ്രധാന ഫാദറായ മോൺസിഞ്ഞോർ ഹ്യൂ ബെൻസണും കത്തോലിക്കമതം സ്വീകരിച്ചുപോയി. ഇങ്ങനെ ദൈവവചനംപ്രസംഗിക്കാൻ ആംഗ്ലിക്കൻ സഭയാൽ നിയുക്തരായസമർത്ഥന്മാർ ഓരോന്നോരോന്നായി കത്തോലിക്കസഭയിലേയ്ക്കു വന്നുകൊണ്ടിരിക്കയാണു. ഇതിനും പുറമെ വിദ്വാന്മാരും വിദുഷികളുമായി എത്രപേരാണു ഇംഗ്ലണ്ടിൽ അപ്പഴപ്പോൾ കത്തോലിക്കസഭയിലേയ്ക്കു ചേർന്നുകൊണ്ടിരിക്കുന്നതെന്നുള്ളതിനു യാതൊരു കണക്കുമില്ല. .....ഇങ്ങനെ കത്തോലിക്കസഭയിലേയ്ക്കുള്ള മാനസാന്തരപ്രവാഹത്തെ കാണിക്കാൻ നിരവധി മഹാന്മാരുടെയും മഹതികളുടെയും ചിന്തകന്മാരുടെയും പേരുകൾ എടുത്തു പറയുവാനുണ്ടു. ഇതെല്ലാം കത്തോലിക്കമതത്തെ പ്രതിഷേധിക്കുന്ന ഒരു മതത്തിന്റെയും (പ്രോട്ടസ്റ്റണ്ടു മതത്തിന്റെ) യുക്തിവാദംമുതലായ നിർമ്മതപ്രസ്ഥാനങ്ങളുടെയും ധാരാളം ആക്രമണങ്ങൾ ഉണ്ടായിട്ടുള്ള ഒരു രാജ്യത്തെ ചിന്താശീലന്മാരുടെ ഇടയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാനസാന്തരങ്ങളാണെന്നുള്ളതു നമുക്കു വിസ്മരിച്ചുകൂടാ. ഇങ്ങനെ മാനസാന്തരപ്പെടുന്നവരിൽ നിന്നു കേരളത്തിലെ ആ കത്തോലിക്ക ക്രിസ്തീയ സഹോദരങ്ങൾക്കു വല്ല പാഠവും എടുക്കാനുണ്ടോ എന്നു അവർ കത്തോലിക്കമതത്തെക്കുറിച്ചുള്ള പൂർവ്വവിധികളും വിദ്വേഷങ്ങളും മാറ്റിവെച്ചു ശാന്തമായി വഴ്ത്തുലോചിക്കണമെന്നു ഞങ്ങൾക്കപേക്ഷയുണ്ടു്.

ചിന്താവിഷയം.

III

റവ ഫാദർജോസ്സ്വ്വയലിൽ, വിശാഖപട്ടണം.

സ്നേഹഭ്രാന്ത് (തുടർച്ച)

ഏതാൻപതു സംവത്സരങ്ങൾക്ക് മുമ്പ് ഗാഢൽത്തുമലമുകളിൽവച്ചു നടന്ന ചരിത്രപ്രസിദ്ധമായ വധശിക്ഷാരംഗനിമിഷനേരത്തേയ്ക്കു നമുക്ക് ചിന്താവിഷയമാക്കാം. അതാ ഒരുമനുഷ്യൻ നഗ്നനായികുരിശിൽതൂങ്ങിമരണവേദന അനുഭവിക്കുന്നു. കൈയ്കാലുകളിൽഇരുമ്പാണികളാൽകുരിശിൽചേർത്തു താക്കപ്പെട്ടിരിക്കുന്നു. അടിമുതൽമുടിവരെ അനേകായിരം മുറിവേറ്റവനായി കാണപ്പെടുന്നു. ആണികളുടെ പഴുതുകളിൽകൂടി മാത്രമല്ല ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുതന്നെ രക്തധാര ധാരയായി പ്രവഹിക്കുന്നുണ്ട്. സൃഷ്ടിച്ചും ഭ്രമിയിലും ഉപേക്ഷിക്കപ്പെട്ടവനെന്നപോലെ സൃഷ്ടിച്ചനും ഭ്രമിക്കുംമദ്ധ്യേ അയാൾ തൂങ്ങി മരിക്കുന്നു. എത്ര ദയനീയമായകാഴ്ച-!ഇയാൾ ആരായിരിക്കാം.?

കണ്ടാലും! ഉച്ചസമയത്തു സൂര്യൻ മറഞ്ഞു. ലോകം അന്ധകാരഭരിതമായിരിക്കുന്നു. ഭ്രമി കുലുങ്ങുന്നു. പാറകൾപൊട്ടുന്നു. മരിച്ചവർ ഉയർക്കുന്നു. ഓർശ്ലേം ദേവാലയത്തിന്റെ തിരശ്ശീല താനേ രണ്ടായി വിഭാഗിക്കപ്പെട്ടുന്നു. ഇതിന്റെയെല്ലാം അർത്ഥമെന്താണ്.

ഈയാൾ ആരെന്നുള്ള പ്രശ്നത്തിനു റോമൻ ശതാധിപനും അയാളോടുകൂടെ ഉണ്ടായിരുന്നവരും മാറ്റത്തടിച്ചുകൊണ്ട്, "ഈയാൾ വാസ്തവത്തിൽദൈവപുത്രനായിരുന്നു"[Matt XXVII 50. 4.] എന്നു മുറവിടിനൽകുന്നു.

എന്തു! സൂര്യചന്ദ്രനക്ഷത്രാദിസമസ്ത ചരാചരങ്ങളേയും

'ഉണ്ടാകട്ടെ' എന്ന ഏകവചനത്താൽ ഭ്രൂണാവസ്ഥയിൽ നിന്നും ഭാവാവസ്ഥയിൽ വരുത്തുകയും സംഖ്യാരീത വാനാത്രുപികളാൽ "പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ" എന്നആനവരതം പാടിസ്തുതിക്കപ്പെടുകയും ചെയ്യുന്ന ദൈവം മനുഷ്യനായി അവതരിക്കുകയും ഇത്രകാലുത്തമവും നിന്ദ്യവുമായ വിധത്തിൽ അന്തരിക്കുകയും ചെയ്യുകയെന്നോ!

അതെ, അങ്ങു നരകുലപരിത്രാണാർത്ഥം അവതരിച്ച ദൈവപുത്രൻതന്നെ. എന്നാൽ ദൈവമെങ്കിൽ സർവ്വശക്തനല്ലെ! സർവ്വശക്തനായിട്ട് അങ്ങയിച്ചതിനെതിരായി യാതൊന്നും ചെയ്യുവാൻ യൂദന്ന് സാധിക്കയില്ലായിരുന്നല്ലോ; ഇല്ല. തീർച്ചയും ഇല്ല. എന്നാൽ "അങ്ങു ഏൽപ്പിക്കപ്പെട്ടു; എന്തുകൊണ്ടെന്നാൽ അതു അങ്ങു (തിരു) മനസ്സായിരുന്നു. അങ്ങു തന്റെ വായ് തുറന്നതുമില്ല" എന്ന ഇസ്സയ്യാസ് (50. 7.) ദീർഘദർശി എഴുതിയിരിക്കുന്നു. ഈ നിഷ്ഠുരപീഡകളം. സഹിച്ചതെന്തിനെന്നു ചോദ്യത്തിനു ഇസ്സയ്യാസ് തന്നെ മുപടിനൽകുന്നു "നമ്മുടെ തിന്മകൾക്കു വേണ്ടി താൻ മുറിവൽക്കപ്പെട്ടു, നമ്മുടെ പാപങ്ങളെപ്രതി താൻ പീഡിക്കപ്പെടുകയും ചെയ്തു." (50. 5)

ഇവിടെ വീണ്ടും ഒരു ചോദ്യത്തിനു അവകാശമുണ്ട്. മനുഷ്യപാപപരിഹാരാർത്ഥം ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു കുരിശുമരണം അനുഭവിക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ? ഇല്ല. എന്തുകൊണ്ടെന്നാൽ തന്റെ ദാനങ്ങളിൽ സ്വതന്ത്രനായ ദൈവത്തിനു മറ്റു പലവിധത്തിലും പാപപ്പൊരുതി നൽകാൻ പാടുണ്ടായിരുന്നു. യാതൊരു പരിഹാരവും ക്ലേശാതെയൊ, അപൂർണ്ണ പരിഹാരം സ്വീകരിച്ചുകൊണ്ടോ, മനുഷ്യാവതാരം ക്ലേശാതെ പാപപ്പൊരുതി നൽകാമായിരുന്നു. ഇനി മനുഷ്യാവതാരം മൂലം പൂർണ്ണപരിഹാരം സ്വീകരിക്കുന്നതിനായിരുന്നു ദൈവതിരുമനസ്സെങ്കിൽതന്നെ അതിനു കഠിനപീഡകളം സഹിക്കുകയോ മരിക്കുകയോ ആവശ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യസ്വഭാവത്തിൽ താൻചെയ്യുന്ന ഓരോ പ്രവൃത്തിക്കും പ്രവർത്തകൻ ദൈവമായതുകൊണ്ടുള്ള കാരണത്താൽ അളവില്ലാത്ത വിലയുണ്ട്. തന്മൂലം, അളവില്ലാത്ത ദൈവത്തോടു മറുത്തു പിഴക്കുകയും മനുഷ്യർ ചെയ്ത അളവില്ലാത്തകുറ്റം അർഹിച്ച അളവറ്റകാലം വീഴുന്നതിനും, മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ

ഒരുതുള്ളി കണ്ണുനീരൊ, ഒരുവാക്കൊ അഥവാ, ഒരുനിശ്വാസമോ വേണ്ടുവോളം മതിയായിരുന്നു. ഇങ്ങിനെയിരിക്കെ കഠിനപീഡകൾ സഹിച്ചു് നിന്ദ്യമായകുരിശുമരണംഅനുഭവിക്കുമെന്നവച്ചുള്ള ഭോഷത്വംമൂലമല്ലേ ദൈവം താൻ ദൈവമാണെന്നുള്ള തൻറെനിലയെങ്കിലും ഓർക്കേണ്ടതല്ലായിരുന്നൊ! എന്തൊരു "സ്നേഹഭ്രാന്ത്."

അതെ വിശുദ്ധ ശ്ലീഹാപറയുന്നതുപോലെ, കുരിശിൽതറയ്ക്കപ്പെട്ടമിശിഹായ്ക്കുന്മേൽ നിശ്ചയമായും ഒരു "ഉന്മൂലന, വംശജാതിക്കാർക്ക്" ഒരു 'ഭോഷത്വ'മായിരുന്നു. ഇതിനു് എന്തുകൊണ്ടാണ് ദൈവപുത്രൻ ഈ ഭോഷത്വം പ്രവർത്തിച്ചതെന്ന പ്രശ്നത്തിനു വിശുദ്ധ പൌലോസുതന്നെ നൽകുന്ന മറുപടിനമുക്കു തൊരുത്തക്കും സ്വന്തമാക്കിപ്പറയേണ്ടതാണ്. അതറിയുന്നു (ഗിശിറാ) "എന്നെ സ്നേഹിക്കുകയും തന്നെത്തന്നെ എനിക്കുവേണ്ടി ഏൽപ്പിക്കുകയും ചെയ്തു." (ഗലാത്ത 2. 20) അന്യവാക്കിൽ പറഞ്ഞാൽ "സ്നേഹഭ്രാന്തു" മൂലം.

നല്ലയിടയന്റെ ഉപമയിലും ഈ സ്നേഹഭ്രാന്തു പ്രത്യക്ഷപ്പെടുന്നു. മനുഷ്യൻ "ദൈവത്തിന്റെ ദൈവമായിരുന്നുവെങ്കിൽ" പോലെ, അങ്ങനെയുള്ള മനുഷ്യനെ കണ്ടുകിട്ടുന്നതിലധികമായി ഒന്നുമില്ലെന്നവിധത്തിൽ, മനുഷ്യനെ ക്രൂരനെ അങ്ങേയ്ക്കു് ഭീഷ്മമായിരിപ്പാൻ നിവൃത്തിയില്ലാതിരുന്നാലെന്നുമട്ട്, കാണാതെപോയ ആടിനെ(പാപിയെ) കണ്ടുകിട്ടുകയിൽ മനുഷ്യരെല്ലാവരെയും ആനന്ദമോദിക്കുന്നതിനായിട്ടല്ല, പ്രത്യുത "തന്നെ (ദൈവത്തെ)ത്തന്നെ ആനന്ദമോദിക്കുന്നതിനു മാലാഖമാരെല്ലാവരേയും വിളിച്ചുകൂട്ടുന്നു" എന്നു വിശുദ്ധ തോമ്മാമാപ്പാൻ ഈ ഉപമയെ സംബന്ധിച്ചു് എഴുതിയിരിക്കുന്നു. കണ്ടാലും "സ്നേഹഭ്രാന്തു".

ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേകതയെ സംബന്ധിച്ചു് വിശുദ്ധ ശ്ലീഹാപറയുന്നതു ശ്രദ്ധേയമാണ്.— "നീതിമാനുവേണ്ടി മരിക്കാൻ കഷ്ടിച്ചേആരും മനസ്സാവു. പക്ഷെ, നല്ലവനു (ജനകനന്മകൾചെയ്തഒരു ഉപകർത്താവിനു)വേണ്ടി ആരെങ്കിലും മരിക്കുവാൻതുനിഞ്ഞേക്കാം." ഇതാണ് ലോകമര്യാദ. എന്നാൽ ദൈവം നമ്മോടുള്ള (സ്വഭാവാതീതമായ) തന്റെ സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ കാലംകൊണ്ടു നാം പാപികളായിരിക്കെ (പാപികളെന്ന നിലയിൽ തന്റെ ശ

തുക്കളായിരിക്കെ) മിശിഹാ നമുക്ക് (ശത്രുക്കൾക്കു) വേണ്ടി മരിച്ചു." ദൈവസ്നേഹത്തിന്റെ ഈ പ്രത്യേകത, ലോക ജ്ഞാനികളെ ടെട്ടെഷ്ട്ടാ ഭോഷത്വമെന്നതിനെക്കാൾ മൂഢത്വമായിരുന്നു. മാത്രമല്ല, ശത്രുവിനെസ്നേഹിക്കുക, പീഡിപ്പിക്കുകയുദ്ദേഷണം പറകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, (മത്തായി V. 44) ശത്രുവിനുവേണ്ടി സന്തോഷപൂർവ്വം മരിക്കുക, മുതലായ ലക്ഷണങ്ങളോടുകൂടിയ ഒരുഭ്രാന്തിനെ സംബന്ധിച്ചു് യാതൊരു കെട്ടുകഥകളിൽപോലും അവർ കേട്ടിരുന്നില്ല.

അതെ, ക്രൂശിക്കപ്പെട്ട ഈശോയും അങ്ങു മനുഷ്യനോടു പ്രത്യക്ഷപ്പെട്ടുന്ന അതിരറ്റസ്നേഹവും ലോക ജ്ഞാനികളുടെ "നശിക്കുന്നവർക്ക്" നിശ്ചയമായി ഭോഷത്വവും പ്രത്യുത, രക്ഷപ്രാപിക്കുന്നവർക്കു്, അതായതു് നമുക്കു് അതുദൈവത്തിന്റെ ശക്തിയും (1 കൊറന്ത്യാ 1 19) "ജ്ഞാനവും" (1. 24) ആകുന്നു എന്നു വിശുദ്ധ ശ്ലീഹാതന്നെപറയുന്നു.

മിശിഹാ നമ്മെ എത്രകണ്ടു സ്നേഹിച്ചുവെന്നു നാംകണ്ടുകഴിഞ്ഞു. ലോകം "ഭ്രാന്തെന്നും" "ഭോഷത്വ" മെന്നും വിധിക്കത്തക്കവിധം നമ്മെസ്നേഹിച്ചുരക്ഷകൻ അരുളിച്ചെയ്യുന്നതു കേട്ടാലും! "ഒരുപുതിയകല്പന നിങ്ങൾക്കു ഞാൻ നൽകുന്നു. ഞാൻ നിങ്ങളെസ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ." [യോഹ 13. 34.] അതിനാൽ മിശിഹാ നമ്മെ സ്നേഹിച്ചതുപോലെ നാം നമ്മുടെ സഹോദരങ്ങളെസ്നേഹിക്കണം. മിശിഹാ ഞത്മരക്ഷയെ ആഗ്രഹിച്ചുപോലെ നാമും ആഗ്രഹിക്കണം. മിശിഹായുടെ ദൃഷ്ടാന്തത്തെ നാം അനുകരിക്കണം. നാം "ഭോഷന്മാരാവണം" "സ്നേഹഭ്രാന്ത" ന്മാരായിത്തീരണം. വേണ്ടിവന്നാൽ മരിക്കണം. "മിശിഹായുടെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു". (തുടരും)

യഥാർത്ഥ

ക്രിസ്തീയൈക്യം.

[സഖറിയാസ്സ്, പൊങ്ങനുഴ ബി. എ.]

(പരിശുദ്ധ പിതാവിന്റെ തിരുവെഴുത്തു വിളംബരത്തിൽ നിന്നും സംഗ്രഹിച്ചത്)

മനുഷ്യവർഗ്ഗത്തിന്റെ പൊതുനന്മയും ദൈനംദിനാഭിവൃദ്ധിയും അത്യന്താപേക്ഷിതവും നമ്മെ പരസ്പരം ബന്ധിച്ച് ഐക്യത്തിൽവളർത്തുന്നതിന് ഏറ്റവും പ്രയോജനമായ സാഹോദര്യത്തെ ഉറപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഇക്കാലത്തിലെ ചിന്തകന്മാരും മഹാമനസ്കന്മാരും ശ്രമിക്കുന്നതുപോലെ പൂർവ്വശതകങ്ങളിൽ ജീവിച്ചിരുന്നവർ പ്രവർത്തിച്ചിട്ടുണ്ടോയെന്നുള്ളത് വളരെ സംശയഗ്രസ്തമാണ്. നമ്മുടെ ഉൽപത്തിയും പ്രകൃതിയും ഒന്നായതുകൊണ്ടാണ് ഈ പ്രസ്ഥാനം അവിർഭവിച്ചിട്ടുള്ളത്. പുരാതനകാലംമുതൽ ഓരോജാതിയുടെ ഇടയിൽനിന്നുണ്ടായ പോരുകളും ഇപ്പോൾ പുതിയതായി ഉടലെടുക്കുന്നതുമായ കലഹങ്ങൾ മൂലം ഒരു രാജ്യക്കാർക്കും സമാധാനാവസ്ഥകൾ പരിപൂർണ്ണമായി അനുഭവിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും രാജ്യങ്ങളിലെ ഐശ്വര്യത്തേയും സമാധാനത്തേയും ബാധിക്കുന്നു. മനുഷ്യരുടെ ഉൻമൂലനം ചെയ്യുന്നതിനു തത്പരരായുധങ്ങൾക്കുണ്ടാകുന്ന വർദ്ധനസഹകരണം അപരിമിതമാണെന്നുള്ളതെളിവായി ബോദ്ധ്യപ്പെട്ടതുകൊണ്ടും സർവ്വജാതികളും പരസ്പരം ഐക്യപ്പെട്ടിരിക്കണമെന്ന് ഒട്ടേറെ അളുകൾ ഇച്ഛിക്കുന്നു.

സർവ്വസഭകളുടെയും ഐക്യത്തിനുവേണ്ടിയുള്ളമിഥ്യാശ്രമങ്ങൾ;

ദൈവമായ മിശിഹാനമുക്കുതന്ന പുതിയനിയമസംബന്ധമായവിഷയങ്ങളെക്കുറിച്ചും ഈമാതിരിചിലഅഭിപ്രായങ്ങൾ ഏതാനും അളുകൾക്കുണ്ട്. ഏതെങ്കിലും തരത്തിലുള്ള മതബോധമില്ലാത്തഅളുകളെക്കാണുക വളരെ ദുർല്ലഭമാണെന്നും മതപരമായ ഏതാനുംതത്വങ്ങളിൽ അവർത്തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായേക്കുമെങ്കിലും എല്ലാവർക്കും സ്വീകാര്യമായ ഒരു അദ്ധ്യാത്മിക ജീവിതരീതി ഏർപ്പെടുത്തിയാൽ അതിനെ അനുസരിക്കുന്നതിനായി ക്രിസ്ത്യാനികളെപ്പോലെ വലിയവിഭാഗമെന്നേ സർവ്വജാതികളും യോജിക്കുമെന്നാണ് ഇവരുടെമതം. തന്നിമിത്തം യാതൊരു വ്യത്യാസവുംകൂടാതെ അജ്ഞാനികളും മിശിഹായിൽനിന്നുതെറ്റിപ്പോയമറ്റു സഹോദരങ്ങളും ശ്രമിച്ച് വാദപ്രതിവാദങ്ങളി

ൽപ്പെടുത്തുകയും ചെയ്തു. ഇതിൽ ഏതാണ് ശരിയെന്നു തീരുമാനിക്കുന്നതിനു മുമ്പ് ഈ രണ്ടു കൂട്ടരുടെയും അഭിപ്രായങ്ങൾ ഒന്നിച്ചു ചേർത്തു പരിശോധിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഈ രണ്ടു കൂട്ടരുടെയും അഭിപ്രായങ്ങൾ ഒന്നിച്ചു ചേർത്തു പരിശോധിക്കുമ്പോൾ ഇവർ രണ്ടുപേരും ഒരേ കാര്യത്തിനുവേണ്ടിയാണ് വാദിക്കുന്നതെന്നു കാണാവുന്നതാണ്

അംഗങ്ങളെ സംഭരിക്കണമെന്നുള്ള ഏക ഉദ്ദേശ്യത്തോടെ ലോകത്തിന്റെ നാനാഭാഗങ്ങളിലായി ഇവർ അധിവസിക്കുന്നു. നമ്മുടെ മാതാവായ പരിശുദ്ധ കത്തോലിക്കാ തിരുസ്സഭയുടെ ആശ്രയത്തിനായോജിച്ച വിധത്തിൽ ഐക്യം സ്ഥാപിക്കാമെന്നുള്ള വിചാരനിമിത്തം പലേ കത്തോലിക്കരിലും ഈ അഭിപ്രായം കടന്നുകൂടിയിട്ടുണ്ട്. എന്നാൽ, വാസ്തവത്തിൽ കത്തോലിക്കാ വിശ്വാസത്തിന്റെ വേരു തോണ്ടത്തക്ക ഗൗരവതരമായ പ്രമാദങ്ങൾ ഇതിൽ ലീനമായിട്ടുണ്ടെന്നു നാം സൂക്ഷ്മം മനസ്സിലാക്കി ഈ പെരുവലയിൽ അകപ്പെടാതിരിക്കുന്നതിനു തീക്ഷ്ണതാപൂർവ്വം പ്രവർത്തിക്കണം. മറ്റു സഹോദരന്മാർക്ക് അജ്ഞാതമായിരിക്കുന്ന തത്വങ്ങളും യുക്തികളും നമ്മുടെ ശക്തിക്കനുസരണമായ മാർഗ്ഗങ്ങളിൽക്കൂടി മനസ്സിലാക്കി എങ്ങിനെയെങ്കിലും ക്രിസ്തീയ ഐക്യത്തിനുള്ള പുറപ്പാടുകൾ പ്രത്യക്ഷപ്പെടുമ്പോൾ ചിന്തിക്കുന്നതിനും അവയെ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനും പൂർണ്ണമായി നാം അവരെ പരിപൂർണ്ണരാക്കുകയോ മാർഗ്ഗമെ സാക്ഷാൽ കത്തോലിക്കർ എന്നാവിലയിൽ നമ്മുടെ കടമകൾ നാം നിറവേറ്റുകയുള്ളൂ.

സത്യവിശ്വാസം. വെളിപാട്. തന്നെ അറിഞ്ഞുസ്നേഹിക്കുന്നതിനായി നമ്മെ ദൈവം സൃഷ്ടിച്ചതുകൊണ്ട് അങ്ങേക്ക് വേണ്ടശുശ്രൂഷകൾ ചെയ്യുന്നതിന് നാം കടപ്പെട്ടവരാണ്. നമ്മിൽനിന്നുള്ള ആ വിശുദ്ധസേവനത്തിന് ദൈവത്തിനു പൂർണ്ണാധികാരവുമുണ്ട്. നമ്മെ നിയന്ത്രിച്ചുകൊണ്ടുപോരുന്നതിനായി നമ്മുടെ ആത്മാവിൽ സ്വഭാവം പതിച്ചിട്ടുള്ളതും തന്റെ ശക്തിയാൽ തന്നെ നടത്തപ്പെടുന്നതുമായ പ്രകൃതിനിയമം മാത്രം ഏർപ്പെടുത്തിയാൽ മതിയായിരുന്നു. എന്നാൽ അതുകൊണ്ടുമാത്രം ദൈവം തൃപ്തിപ്പെടാതെ അനുസരിക്കുന്നതിനായി ചിലനിയമങ്ങൾ നമുക്കുതരികയും മനുഷ്യവർഗ്ഗത്തിന്റെ ഉത്ഭവംമുതൽ മിശിഹായുടെ ആഗമനംവരെയുള്ള കാലങ്ങളിൽ ഒരു സൃഷ്ടിക്ക് സ്രഷ്ടാവിനോടുള്ള കടമകൾ എന്തെല്ലാമാണെന്നു അങ്ങുതന്നെ പഠിപ്പിക്കുകയും ചെയ്തു.

ഭൂതകാലത്തു്, ഓരോസമയത്തിലും ഓരോവിധത്തിലും ദിവ്യശിക്ഷകൾവഴിയായും അവസാനമായി, ഇക്കാലത്തു് തന്റെ പുത്രൻവഴിയായും ദൈവംനമ്മോടു സംസാരിച്ചുവെന്നു് വി. പൗലോസിന്റെ എബ്രായക്കാർക്കുള്ള ലേഖനം ഒന്നാം അദ്ധ്യായംഒന്നാംവാക്യത്തിൽ നാം വായിക്കുന്നു. ദൈവത്താൽ വെളിപ്പെടുത്തപ്പെടാത്തതുമതവും സത്യമായിട്ടുള്ളതല്ലെന്നു ഇതിൽനിന്നുതെളിയുന്നുണ്ട്. ആരംഭംമുതൽ ഉണ്ടായിരുന്നതും പഴയനിയമത്തിൽ തുടർന്നുകൊണ്ടിരുന്നതുമായ വെളിപാടിനെ പുതിയനിയമത്തിൽ ക്രിസ്തു പരിപൂർണ്ണമാക്കി. ദൈവം തന്റെ ഭാഷണം വഴിയായി (ദൈവം സംസാരിച്ചുവെന്നുള്ളതു് ചരിത്രപ്രകീർത്തിതവുമാണ്) വെളിപ്പെടുത്തിയസംഗതികൾ പൂർണ്ണമായിവിശ്വസിക്കുന്നതിനും തന്റെ പ്രമാണങ്ങളെ അക്ഷരംപ്രതി അനുസരിക്കുന്നതിനും

തിനും നാം കടപ്പെട്ടവരാണെന്ന് എല്ലാവരും മനസ്സിലാക്കണം. ദൈവസ്നേഹത്തിനായിട്ടും നമ്മുടെ സ്വന്തരക്ഷയ്ക്കായിട്ടും ഇവരണ്ടും നിവൃത്തിക്കുന്നതിനു ഈലോകത്തിൽ തന്റെസഭയെ ദൈവം സ്ഥാപിച്ചു.

സഭ ദൈവികസ്ഥാപനമാണ്! ക്രിസ്തുനിഎന്ന സത്യംഅഭിസംബോധനംചെയ്യുന്നഏവനും ക്രിസ്തു ഒരുസഭസ്ഥാപിച്ചുവെന്നവിശ്വസിക്കുന്നുണ്ട്. എന്നാൽ സ്ഥാപകന്റെ ഉദ്ദേശ്യമനസരിച്ച് അതിന്റെസഭാവമെന്താണെന്നതാണ് അനേഷിക്കുന്നവക്ഷം അതുസംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ധാരാളമുള്ളതായികാണാം. ഉദാഹരണമായി, ഒരേ അദ്ധ്യാപനാധികാരിക്കും ഭരണകർത്താവിനുംകീഴ്പ്പെട്ട് ഒരേസത്യങ്ങളെ വിശ്വസിക്കുന്ന ജനസമൂഹമാണെന്നതോന്നത്തക്കവിധത്തിലെങ്കിലും ദൃശ്യവും സുവ്യക്തവുമായിരിക്കണം മിശിഹായുടെ സഭ എന്നുള്ളവസ്തുതയെ ഒരുവലിയഭാഗം അളുകൾനിഷേധിക്കുന്നു. പ്രത്യുത പരസ്പരവിരുദ്ധതത്വങ്ങൾ സ്വീകരിച്ചിരിക്കുന്ന വിവിധക്രിസ്ത്യാനികൂട്ടുകൾ ചേർന്നുണ്ടായിട്ടുള്ള ഒരു സംഘടനയല്ലാതെ ദൃശ്യസഭമറ്റൊന്നുമല്ലെന്നാണ് ഇവരുടെവക്ഷം. വായ്മൊഴിയായിപഠിപ്പിക്കുന്നതിനു അധികാരമുള്ള ഏകനാഥന്റെ നേതൃത്വത്തിൽ ദൈവോപ്രസാദത്തിന്റെ ഉറവകളായ വിശുദ്ധ കൂദാശകൾവഴിയായി മനുഷ്യവർഗ്ഗത്തെരക്ഷിക്കുന്നതിനായി അദ്ധ്വാനിക്കേണ്ട ഒരു പരിപൂർണ്ണസമുദായമായിട്ട് തന്റെസഭയെ ക്രിസ്തുസ്ഥാപിച്ചു. ഇതുകാരണംകൊണ്ട് തന്റെസഭയെരാജ്യം, ഗൃഹം, തൊഴുത്ത്, അജഗണം, എന്നിവയോട് അഞ്ചുസാമ്യപ്പെടുത്തിയിട്ടുണ്ട്. സ്ഥാപകാവശ്യങ്ങളെ അവഗണിച്ച് സർവജാതികളുടെ ഇടയിലും പ്രചരിച്ച് ഏവരേയും സ്വർഗ്ഗരാജ്യത്തിലേയ്ക്കുനയിക്കണമെന്നുള്ളമഹൽകൃത്യം അതിനിറവിൽനിർവഹിക്കുവാനാഗ്രഹിക്കുന്നതുകൊണ്ട് ഇതിന്റെസ്ഥാപകന്റെയോ പ്രചാരരംഗത്തിൽ പ്രമുഖരായ ശ്ലീഹന്മാരുടെയോമറ്റിവിടുണ്ടായിരുന്ന സഭാനായകന്മാരുടെയോ ശേഷമാവുകയെന്നുള്ളത് ഒരിക്കലും സാദ്ധ്യമല്ല. ഈ അവസരത്തിൽ വി. മത്തായിശ്ലീഹായുടെ സുവിശേഷം ൨൮- ൨൦- ശ്ലോകമാണ്. "നിങ്ങൾപോയിസർവജാതികളേയുംപഠിപ്പിക്കുവിൻ. ലോകാവസാനംവരെ എല്ലാദിവസവും നിങ്ങളുടെകൂടെഞാൻഉണ്ടായിരിക്കും." ഈ ദിവ്യവാഗ്ദാനമനസരിച്ച് നിരന്തരകൃത്യനിർവഹണം നിമിത്തം വല്ലശക്തിക്ഷയമോ ക്ഷീണമോ തിരുസഭയ്ക്ക് തട്ടുന്നതു് എളുപ്പമാണോ? മിശിഹായുടെസഭ നിത്യമാണെന്നും, അതുശ്ലീഹന്മാരുടെകാലത്തെപോലെ പരിശുദ്ധമായി അദ്ധ്യാപനംചെയ്തുവരുന്നുഎന്നുംവിശ്വസിക്കാതിരിക്കുവാൻഒരുക്രിസ്ത്യാനിക്കു ഗത്യന്തരമില്ല. അല്ലാത്തപക്ഷം തന്റെ ഉദ്ദേശ്യംസാധിക്കുന്നതിനു് ക്രിസ്തുവിനുകഴിഞ്ഞില്ലഎന്നും നരകവാതിലുകൾ അതിനെതിരായിപ്രബലപ്പെട്ടുകയില്ലായെന്നുവാഗ്ദാനംചെയ്തുപോയതു് അബദ്ധത്തിലായിപ്പോയെന്നും നാം വിശ്വസിക്കേണ്ടതായിവന്നുകൂടും.

മാതാ പിതാക്കന്മാർ

പ്രത്യേകം

ശ്രദ്ധിക്കേണ്ടതു്.

[ററി. സ്സ്. ബി.]

കുട്ടികളുടെ സന്മാർഗ്ഗപരിശീലന വിഷയത്തിൽ മാതാ പിതാക്കൾക്കുള്ള സ്ഥാനവും പ്രമുഖമായും ഗുരുതരമായ ഒന്നാണെന്നുള്ളതു് സർവ്വരും സർവ്വാത്മനാ സംവദിക്കുന്ന ഒരു സംഗതിയാകുന്നു. സർവ്വലോകവന്ദ്യന്മാരും, പ്രശംസാർഹന്മാരുമായ്ത്തീർന്നിട്ടുള്ളവരാകട്ടെ ശൈശവത്തിൽ അവരുടെ മാതാപിതാക്കളിൽനിന്നും ഉൽകൃഷ്ടമായ വിദ്യാഭ്യാസമിച്ചിട്ടുള്ളവരാകുന്നു. അതിനു് പുണ്യാത്മാക്കളുടെ ജീവചരിത്രത്തിൽനിന്ന് ഒന്നുരണ്ടു് ഉദാഹരണങ്ങൾ ഇവിടെ എടുത്തുപറയാം: ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂയീസ് സകലതും ദൈവഹിതത്തിനു വഴിഞ്ഞുകൊടുത്ത ഒരു ദേഹമായിരുന്നു എങ്കിലും, തന്റെ പ്രിയമാതാവായിരുന്ന ബ്ലാൻഷ് (Blanche) രാജ്ഞിയുടെ നിർബ്ബന്ധത്തിൽ വ്യസനം സഹിക്കുവാനിടയാകാതെ തന്റെ ജീവിതകാലം മുഴുവനും അദ്ദേഹം അശ്രുധാരപൊഴിച്ചിരുന്നുവെന്നും തന്റെ അമ്മയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രതിദിനം പ്രത്യേകാൽ അനുഷ്ഠിച്ചുപോന്ന ദിവ്യപൂജയിൽ ഭക്തിപൂർവ്വം പങ്കെടുക്കുമായിരുന്നുവെന്നും പറയപ്പെടുന്നു. ഒരിക്കൽ ഈ രാജ്ഞി അദ്ദേഹത്തോടു് തന്റെ പുണ്യാത്മാവായ അമ്മയുടെ അന്ത്യത്തിൽ, "എന്റെ മകനെ, ഞാൻ നിന്നെ എത്രകണ്ടു സ്നേഹിക്കുന്നുണ്ടെന്നും, നീ ഈ രാജ്യത്തിലെ രാജകിരീടധാരിയായി കാണ്മാൻ എത്രകണ്ടു ആഗ്രഹിക്കുന്നുണ്ടെന്നും ദൈവത്തിനറിയാം; എന്നാൽ നീ ഒരിക്കലെങ്കിലും ഒരു പാപദോഷം ചെയ്യുകാണുന്നതിനേക്കാൾ ഇപ്പോൾ എന്റെ പാദത്തിങ്കൽ മരിച്ചുകിടക്കുന്നതു കാണ്മാനാണ് എനിക്കിഷ്ടം" എന്നു പറഞ്ഞതോർത്തിട്ടാണത്രേ അദ്ദേഹം മരണപര്യന്തം ഇങ്ങനെ അശ്രുധാരപൊഴിക്കുവാനിടയായതു്. അദ്ദേഹത്തിന്റെ ശോഭനമായ ജീവിതത്തിൽ ഇത്രയ്ക്കു സൂക്ഷ്മരണീയമായ വേറൊരു സംഭവം ഉണ്ടായിട്ടില്ലെന്നാണ് അദ്ദേഹം തന്നെ പരസ്യമായി ഏറ്റുപറഞ്ഞിട്ടുള്ളതു്. കുട്ടികൾക്കു അവരുടെ ശൈശവത്തിൽ മാതാപിതാക്കന്മാർ നൽകുന്ന ഉപദേശങ്ങളും പഠനങ്ങളും അവരുടെ ജീവിതകാലം മുഴുവനും നിലനില്ക്കുമെന്നു പറയുന്നതു് എത്ര

യോവാസുവമാകുന്നു! അവരുടെ മുഖവും രൂപവും സ്വരവും, പ്രത്യേകിച്ചു അവരുടെ അധരങ്ങളിൽ നിന്നു പുറപ്പെട്ടുന്ന ഓരോവാക്കുകളും ശിശുക്കളിൽ ഒരിക്കലും വിസ്മൃതങ്ങളായിഭവിക്കുന്നില്ല. ഒരു വിസ്മൃതമായ ഇരിമ്പുകഷണത്തിന്മേൽ ഒരു ചിത്രം ചിത്രിക്കുക. അതു കാലാന്തരത്തിൽ തുരുമ്പുതിന്നു പോകും. എന്നാൽ മാതാപിതാക്കന്മാരുടെ സ്വരമാകുന്ന ഏറ്റവും മൃദുവുള്ള ആയുധംകൊണ്ടു കുട്ടികളുടെ ആത്മാവിൽ ചിത്രിക്കുന്ന ചിത്രങ്ങൾ ഒരിക്കലും തുരുമ്പുപിടിക്കുകയോ മാഞ്ഞുപോകുകയോ ചെയ്യുന്നില്ല. അതുകൊണ്ടാണ് മാതാപിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളതനുസരിച്ചു കുട്ടികൾ തങ്ങളുടെ ജീവിതകാലം മുഴുവനും സന്മാർഗ്ഗികളോ ദുർമ്മാർഗ്ഗികളോ ആയിക്കാണപ്പെടുന്നതു്.

ഇനി നമുക്കു് വി. അമ്മ ത്രേസ്യയുടെ ജീവിത സംഭവചരിത്രങ്ങളെക്കുറിച്ചു അല്പം പര്യാലോചിക്കാം. മാതാപിതാക്കൾ എങ്ങനെയോ അങ്ങിനെയായിരിക്കുമല്ലോ മക്കളും. ഈ തോതനുസരിച്ചു നോക്കുമ്പോൾ പുണ്യവതിയുടെ മുഹൂർത്തീകരണത്തിൽ അവ്വിട്ടത്തെ മാതാപിതാക്കളും ഗണ്യമായവിധം സഹകരിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. ഈ സിദ്ധയുടെ പിതാവായ അൽഫോൺസോ തന്റെ സന്താനങ്ങളെ ഭക്താഭ്യസനം ചെയ്യിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. അവക്കു പ്രദാനം ചെയ്യാവുന്നതിൽവച്ചു ഏറ്റവും വലിയസമ്പത്തു് ആധ്യാത്മികജ്ഞാനമാകുന്നുഎന്നതിൽ അദ്ദേഹത്തിനു ദൃഢമായ വിശ്വാസമുണ്ടയിരുന്നു. തന്റെ അരുമസന്താനങ്ങൾ മറ്റുള്ളവരെപ്പോലെകാമുകന്മാരെ ആകർഷിക്കുന്നതുകൊണ്ണും മൂല്യമായവസ്ത്രാഭരണങ്ങൾ ധരിച്ചു, സുരഭിലതൈലങ്ങൾ പൂശി നടക്കുന്നതിനു അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല. അവരേകൊണ്ടു ദിവസന്തോറും ജ്ഞാനസ്നാനയും മറ്റുഭക്തകൃത്യങ്ങളും നിർവ്വഹിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാതി ശ്രദ്ധചെലുത്തിപ്പോന്നിരുന്നു. സൽഗുണവതിയായ അമ്മ ബേയത്രീസായും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിച്ചിരുന്നു. ദുർമ്മാർഗ്ഗികളായ കുട്ടികൾ തന്റെ വീട്ടിൽവന്നു് അവരോടു സഹവാസം ചെയ്യുന്നതിനോ, തൻറെസന്താനങ്ങൾ ആദുർമ്മാർഗ്ഗികളോടു കൂടിനടക്കുന്നതിനോ, അവർ ഒരിക്കലും അനുവദിച്ചിരുന്നില്ല. വി. അമ്മ ത്രേസ്യാ മാതൃമല്ല തന്റെ സഹോദരന്മാരായ മറ്റു പതിനൊന്നു പേരും വീട്ടിൽ നടത്തുവാറുള്ള ഭക്തകൃത്യങ്ങളിൽ അതിതീവ്രമായി പങ്കുകൊണ്ടിരുന്നു. ഇതിനു് നമ്മുടെ പുണ്യവതിയുടെ ചെറുപ്പകാലത്തുനടന്ന ഒരുസംഭവം ശരിയായ സാക്ഷ്യം നൽകുന്നുണ്ടു്. അതിങ്ങനെയായിരുന്നു:

ഒരിക്കൽ പുണ്യവതി, ജ്ഞാനസ്നാനയ്ക്കുള്ളത്ത ഒരുപുസ്തകത്തിൽ അനേകം പേർ ഈശോമിശിഹായോടുള്ള സാക്ഷാത്തായ സ്നേഹാഗ്നിയാൽ ജ്വലിച്ചുകൊണ്ടു തങ്ങളുടെ ജീവനെ ബലികഴിച്ചു രക്തസാക്ഷികളായിത്തീർന്നതിനെക്കുറിച്ചു വായിക്കുകയുണ്ടായി. ഉടൻതന്നെ പു

ണ്യവതിയും അതേ അരുപിയാൽ പ്രേരിതയായി, അന്ന് ഭയങ്കരമായ മതപീഡനം നടത്തിയിരുന്ന മൂർജാതിക്കാരുടെ കൈയിൽ അകപ്പെട്ട വേദസാക്ഷിണിയായി മരിക്കുമെന്നുള്ള ശരണത്തോടുകൂടി, ഏഴുവയസ്സു പ്രായമുള്ളപ്പോൾ തന്റെ സോദരനൊന്നിച്ച് സ്പെയിനിലെ ആവില എന്നസ്ഥലത്തുള്ള സ്വഗൃഹത്തിൽനിന്ന് ഓടിപ്പോയ്ക്കളഞ്ഞു. വിശുദ്ധയെ അന്വേഷിച്ചു തിരികെകൊണ്ടുവന്നശേഷം ഓടിപ്പോയതിന്റെ കാരണം ചോദിച്ചപ്പോൾ "എനിക്കു കഴിയുന്ന വേഗത്തിൽ ദൈവത്തെകാണണം; മരിക്കാതെ അത്രേഹത്തെ കാണുന്നതിന് എനിക്കു സാധിക്കുകയില്ല" എന്നതേ മറുവടി പറഞ്ഞതു്. നോക്കൂ! കുട്ടികളെ ദൈവത്തെ സ്നേഹിക്കുവാൻ പഠിപ്പിക്കുകയാണെങ്കിൽ അവർ അതുപഠിക്കും! മറിച്ചു പിശാചിനെ സേവിക്കുവാനാണ് പഠിപ്പിക്കുന്നതെങ്കിൽ തൃജ്യഗ്രാഹ്യവിവേചനമില്ലാത്തകാലത്തു്, അവർ അതും പഠിക്കും. ചുരുക്കിപ്പറയുന്നതായാൽ, മാതാപിതാക്കന്മാർ എന്തുപഠിപ്പിക്കുന്നുവോ അതു് അവരുടെ ഹൃദയത്തിൽ പതിയുകയും ചെയ്യും.

നല്ല മാതാപിതാക്കൾക്കു അവശ്യം ഉണ്ടായിരിക്കേണ്ടതും വി. അമ്മ ത്രേസ്യായുടെമാതാപിതാക്കൾക്കുണ്ടായിരുന്നതുമായ സൽഗുണങ്ങളെ മറ്റു മാതാപിതാക്കന്മാർക്കു ഒരു ദൃഷ്ടാന്തമായിത്തീരണമെന്നു തോന്നുമാറു പുണ്യവതിതന്നെ ഇപ്രകാരം വിവരിച്ചിരിക്കുന്നു:

"എന്റെ അപ്പനും അമ്മയും നല്ലഭക്തിയുള്ളവരും ദൈവഭയമുള്ളവരും ആയിരുന്നു... അപ്പനു സൽഗ്രന്ഥങ്ങൾ വാങ്ങി വായിക്കുന്നതിൽ വളരെ താല്പര്യമുണ്ടായിരുന്നു. അവ ഞങ്ങൾക്കു ഉപയോഗപ്പെടേണ്ടതിനു അപ്പൻ ഇസ്പാന്യഭാഷയിലുള്ളവതന്നെ വാങ്ങിച്ചിരുന്നു. എന്റെ അപ്പനും അമ്മയും നന്മയെ അല്ലാതെ മറ്റു യാതൊന്നിനേയും ബഹുമാനിച്ചിരുന്നില്ല. ഭിക്ഷുക്കളെ സാദരം സ്വീകരിക്കുകയും അവർക്കു പാടുള്ള ധനസഹായം ചെയ്യുകയും ചെയ്തിരുന്നു.,, ഹാ! എല്ലാക്രിസ്തീയ മാതാപിതാക്കളും ഇവരെ അനുകരിച്ചിരുന്നെങ്കിൽ!

നമ്മുടെ കേരള ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ ശ്രേഷ്ഠകൃത്യം ഇന്നും പുത്തരിയായിട്ടാണിരിക്കുന്നതു്. സൽഗ്രന്ഥങ്ങൾ വാങ്ങി ദിനം പ്രതി വായിക്കുന്ന ഭക്തകൃത്യം ഉത്തരവരെയും ഇവിടങ്ങളിൽ പ്രശംസാർഹമാം വണ്ണം നടപ്പിലായിട്ടില്ല. എത്രയും കുട്ടി ബുദ്ധിലവന്മാർ ഇക്കാര്യത്തിൽ നിശ്ചയിക്കുന്നുണ്ടെങ്കിൽ അവരുടെ സന്താനങ്ങളിൽ അതിന്റെ ഫലം കാണുന്നുമുണ്ട്. മിക്കമാതാപിതാക്കന്മാരും വല്ല പെരുന്നാളിനോ മറ്റോ പോകുന്ന അവസരത്തിൽ മക്കൾക്കു വല്ല 'ഉഴുന്നാട'യോ കരിമ്പോ, പലഹാരമോ, കളിപ്പാട്ടങ്ങളോ വാങ്ങിക്കൊണ്ടുവന്നു കൊടുക്കുന്നതു കണ്ടിട്ടുണ്ട്. ഇതു തീരെ അനാവശ്യമെന്നു ഞാൻ പറയുന്നില്ല. അധ്യാത്മിക കാര്യങ്ങളായിരിക്കണം പ്രഥമഗണ

നിയമങ്ങൾ. കുട്ടികളുടെ അധ്യാത്മികാഭിവൃദ്ധിക്ക് യുക്തമായ ഒരു ചെറിയ പുസ്തകമെങ്കിലും വാങ്ങണം എന്ന താല്പര്യം മിക്കവർക്കുമില്ല. വഴിയരികിലോ പള്ളിമുറ്റത്തോ ഇരിക്കുന്ന വല്ല പുസ്തകക്കച്ചവടക്കാരോ, വായിച്ചിട്ടുള്ള ചില അനുഭവസ്ഥന്മാരോ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ നന്മയെപ്പറ്റി പറയുകയും, വാങ്ങിക്കുവാൻ നിർബന്ധിക്കുകയും ചെയ്താൽ പോലും "എന്നാ ഇന്നപ്പനാണ്ടിയടാ അത്, അതുക്കുട്ട് കൊറെ വിട്ടീ കെടപ്പുണ്ടായിരുന്നു. പുള്ളേക്കതിന്റൊന്നും വാസനയില്ല" എന്ന് അവജ്ഞാപൂർവ്വം പറഞ്ഞു മടങ്ങുകയാണ് ചെയ്യുന്നത്. അക്കൂട്ടർ വി. അമ്മ ത്രേസ്യായുടെ പിതാവായ അൽഫോൺസോയെ അനുകരിക്കേണ്ടതത്യാവശ്യമത്രെ. അത് മിക്കവർക്കും സാധിക്കുന്നു ഒരു സംഗതിയാണെന്നു താനും. എങ്കിലും ഇന്ന് കത്തോലിക്കരെന്നു അഭിമാനിക്കുന്ന ചില ധനവാന്മാരുടെ വീട്ടിൽ പോലും ഈ വകയൊന്നും ഇല്ലെന്നു കാണുന്നതുവളരെശോചനീയം തന്നെ എന്നു പറയാതെ ഗത്യന്തരമില്ല. ഈയിടെ പുത്തൻപള്ളി സെമിനാരിയിൽ നിന്നു പുറപ്പെട്ടിട്ടുള്ള "തിരുഹൃദയാനുകരണം" "ശ്രീയേശു സന്ദേശം" "പരമ സത്യങ്ങൾ" പ്രൗഢമാസം പുറപ്പെട്ടുകൊണ്ടിരിക്കുന്ന "കത്തോലിക്ക കുടുംബം" എന്നിവ, മേല്പറഞ്ഞ അധ്യാത്മികാഭിവൃദ്ധിക്കുവളരെ പറ്റിയതാണെന്നുള്ളതിനു സംശയമില്ല. കൂടാതെയും പുതിയ നിയമം, ക്രിസ്ത്വാനുകരണം, വിശുദ്ധന്മാരുടെ ജീവചരിത്രം, സുമാത്ര്പ്രകാശിക, തിരുസഭാചരിത്രം. വിശുദ്ധ ശൗര്യർ. കമ്മലകുസുമഗ്രന്ഥാവലി, മാതാകായാവ്, യോവാൻ ഓവ് അക്ക് ഈശോ സംഹവസം, എന്നിവയും എല്ലാ കുടുംബങ്ങളിലും അവശ്യം ഉണ്ടായിരിക്കേണ്ടവയാണ്. അവയുടെ നിരന്തരമായ പാരായണം നമ്മെ അധ്യാത്മിക മാന്ദ്യത്തിൽ നിന്നുതട്ടിയുണർത്തുന്നതിനുപര്യാപ്തമാകാതിരിക്കയില്ല. ഈവിജ്ഞാനപ്രദമായപഠനത്തെ വഹളത്തെക്കുറിച്ചു എത്രപറഞ്ഞാലും അധികമാകുന്നതല്ല. വാക്ശ ഈ ലേഖനം ഇനിയും ദീർഘിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ആകയാൽ അവസാനമായി, കുട്ടികളുടെ സന്മാത്മ പരിശീലനത്തിൽ മാതാപിതാക്കന്മാർക്ക് ഒരു വലിയ സ്ഥാനവും ചുമതലയുമുണ്ടെന്നും, അവർ വീട്ടിൽവച്ചു പഠിപ്പിക്കുന്നതനുസരിച്ചേ തങ്ങളുടെകുട്ടികൾ അഭ്യസിക്കുകയുള്ളുവെന്നും" മാതാപിതാക്കൾധരിച്ചു വി.ലൂയിസിന്റെ മാതാവായ ഖ്ളാൻഷിനോയോ, വി. അമ്മ ത്രേസ്യായുടെ മാതാപിതാക്കന്മാരായ വൈത്രിസാ, അൽഫോൺസോ എന്നിവരേയോ അനുകരിക്കുന്ന പക്ഷം അധിക കാലതാമസമെന്യെ കേരളമൊട്ടുക്ക ഒരു നവമായ ക്രീസ്തിയ ചൈതന്യംഉളവാകയും അചൈതന്യം നമ്മെപ്പോലെയുള്ളവരേയും സ്വർഗ്ഗസൗഭാഗ്യത്തിലേയ്ക്കു വഴിനടത്തുകയും ചെയ്യുമെന്നുദ്ബോധിപ്പിച്ചുകൊണ്ട് ഈ ചുരുങ്ങിയ വാചകങ്ങളെ ഇവിടെ സമാപിച്ചുകൊള്ളുന്നു.

തിരുഹൃദയ

വാഗ്ദാനവ്യാഖ്യാനം.

(ജോസ്. എൽ. ശ. മാവുങ്കൽ.)

മൂന്നാം വാഗ്ദാനം.

"അവരുടെ സകല ദുഃഖാരിഷ്ടതകളിലും ഞാൻ അവരെ ആശ്വസിപ്പിക്കും."

ഈ വാഗ്ദാനത്തിന്റെ പ്രാമാണ്യം: വൈദികരേയും അൽമേനികളേയും വേർപെടുത്താതെ തി. ഹൃദയഭക്തന്മാരെല്ലാവരോടുമായിട്ടാണ് ഈ വാഗ്ദാനം ചെയ്തിരിക്കുന്നത്. വി. മ. മഗ്ദലീത്താ അവരുടെ അത്ഭുതവരവിനു § എഴുതിയതായി മുൻപ്രസ്താവിച്ചിട്ടുള്ള 132–ാമത്തെ എഴുത്തിൽനിന്നത്രെ ഇതും കണ്ടെടുത്തിട്ടുള്ളത്. അതിൽ വൃണ്യവതിയുടെ വാക്യത്തിൽകാണുന്ന യഥാർത്ഥമൂലവാചകം ഇപ്രകാരമാണ്: "ഈ ഭക്തിവഴിയായി അവർ അദ്ധ്വാനത്തിൽ വിമോചനവും... ഞെരുക്കത്തിൽ ആശ്വാസവും..... കണ്ടെത്തും എന്ന് ന. കർത്താവു എനിക്കു മനസ്സിലാക്കിത്തന്നു." ‡

മാനുഷികാശ്വാസം:- ദുഃഖാരിഷ്ടതകൾ ഏതെല്ലാം വിധത്തിലായിരുന്നാലും മനുഷ്യവംശത്തിന്റെ പൊതുസ്വത്താകയാൽ ഏതന്നിവാരണാർത്ഥമുള്ള ഈ വാഗ്ദാനം മറ്റുള്ള എല്ലാവാഗ്ദാനങ്ങളിലുംവച്ച് ഏറ്റവും ആശ്വാസസന്ദായകമാകുന്നു. മനുഷ്യകുലത്തിന്റെ പുനരുദ്ധാരണത്തിനായി ഓരോകാലങ്ങളിൽ ഓരോമഹാന്മാർ കണ്ടുപിടിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സ്വതേ എത്രതന്നെ ശ്രേഷ്ഠമായിരുന്നെങ്കിലും സങ്കടങ്ങളിൽ

§ വി. മ. മഗ്ദലീത്തായുടെ അദ്ധ്യാത്മീയ ഗുരുവും തി. ഹൃദയഭക്തിപ്രചരണത്തിൽ അവരുടെ സഹപ്രവർത്തകനായി ന. കർത്താവിനാൽ തന്നെ അവർക്കു നൽകപ്പെട്ടവനുമായിരുന്ന Clau de la Columbiere എന്ന ഇദ്ദേഹത്തെ തിരുസ്സഭ കഴിഞ്ഞമുണ്ട് 16—ാംനൂ- വാഴ്ത്തപ്പെട്ടവനായി നാമകരണംചെയ്തു.

‡ Letters of st. M. Mary to her director; vol. II p. 285; vol. I p. 289.

നിന്നും പീഡകളിൽനിന്നും പരിപൂർണ്ണമുക്തി മനുഷ്യനു വാഗ്ദാനംചെയ്യുന്നതിനു ഇരുപത്തഞ്ചു അവർ അങ്ങനെ മുന്നിട്ടിട്ടില്ല. കാരണം ദുഃഖാരിഷ്ടതകൾ മരണസമാനം എല്ലാവർക്കും പൊതുവാണെന്നും, അവയുടെ പിടിയിൽപെടാതെ കഴിച്ചുകൂട്ടുക സാദ്ധ്യമല്ലെന്നും അനുദിനാനുഭവം പ്രസ്പഷ്ടം തെളിയിക്കുന്നു. കഷ്ടനഷ്ടങ്ങൾ ഏറെക്കുറെ എല്ലാവരേയും എല്ലാപ്പോഴുംതന്നെ ബാധിച്ചുകൊണ്ടിരിക്കുന്നതു. ക്ഷാമം, ദീനം, ഭണ്ഡം മുതലായ ശാരീരിക പീഡകളായിട്ടോ ദുഷ്പ്രീത്തി, സന്താപം, നിരാശതുടങ്ങിയുള്ള മാനസിക ക്ലേശങ്ങളായിട്ടോ. അതു സവ്വദാ അത്മാവിനെ ഞെരുക്കുകയും ഏകാകിത്വത്തിന്റെ നിർജ്ജീവവും ഭയാനകവുമായ ചിന്താഭാരത്താൽ അതിനെകീഴമത്തുകയുംചെയ്യുന്നു. ഭഗ്നാശയനാകാതെ സധൈര്യം മുന്നോട്ടു ഗതിതുടരുന്നതിനുസ്ഥിരപ്രതിജ്ഞയുള്ളവരെ അതു പ്രോത്സാഹിപ്പിക്കുന്നു. ഇതിൽ വിജയിക്കുന്നവനെ നാം അനുമോദിക്കുകയുംചെയ്യുന്നു. ഇതുകൊണ്ടത്രേ നെപ്പോളിയൻ സവ്വത്ര വിജയികളായസേനാപതിക്കളുടെ നടുനായകത്വംവഹിച്ചു യൂറോപ്പുഖണ്ഡത്തെ ആകമാനം കിടുകിടെവിറപ്പിച്ചു എന്നതിനെക്കാൾ, സെൻറു ഹെലനാവാസത്തിൽ അദ്ദേഹത്തിന്റെ സവ്വ മനോരാജ്യങ്ങളുടേയും അധഃപതന മട്ടിലു നിശ്ചലനായിരുന്നു എന്നതിലാണ് ക്ലൃപ്തൽ സൂത്രധർഹനെന്നു വിക്ടർഹ്യൂഗോ എന്നദ്ദേഹം പ്രസ്താവിക്കുന്നതു. ഇതേകാരണത്താൽതന്നെയാണ് വളഞ്ഞാലും ഒടിയാത്ത മനസ്ഥിതിയേയും, യാദൃശ്ചികങ്ങളായ അത്യുപത്തുകളിൽ ദൈവവിധിയുടെ നാഥനായിട്ടും അത്മാവിന്റെ നായകനായിട്ടും നിശ്ചഞ്ചലനായി വരിലസിക്കുന്ന മനുഷ്യോത്തമനേയും സകലരും ആദരിക്കുന്നതും. ഈ ദുശസന്ദർഭങ്ങളിൽ മനുഷ്യരിൽനിന്നു കിട്ടാവുന്ന ആശ്വാസം ഏറ്റവും പരിമിതമാണ്. കാരണം, ഏറ്റവും നിസ്സാരമായ സഹായ സഹകരണങ്ങളാൽ സഹതാപം പ്രദർശിപ്പിക്കുന്നതിനേ നമ്മുടെസ്നേഹിതന്മാർക്കു കഴിയുകയുള്ളു. ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ടതു യഥാത്ഥ്യമായ ആശ്വാസത്തിന്റെ ഉല്പത്തിസ്ഥാനം ദൈവം മാത്രമാകുന്നുവെന്നത്രെ.

ദുഃഖനിവാരണം:-സ. ദിവ്യരക്ഷകൻ തന്റെ തി. ഹൃദയഭക്തന്മാരോടു പറഞ്ഞാശ്വസിപ്പിച്ചുള്ള ആശ്വാസത്തിൽ രണ്ടു കാര്യങ്ങൾ അന്തർലീനമായിട്ടുണ്ട്. ഒന്നാമതു്, കഷ്ടാരിഷ്ടതകളുടെ അത്ഥം ശരിയായി മനസ്സിലാക്കത്തക്കവിധം അതു (ആശ്വാസം) നമ്മുടെ അത്മാവുകളെ പ്രദ്യോതിപ്പിക്കുന്നു. രണ്ടാമതു്, അനുസരണയോടും സന്തോഷത്തോടുകൂടി നമ്മുടെ കഷ്ടപ്പാടുകളെ സഹിക്കുന്നതിനുള്ള ശക്തിനമുക്കു പ്രദാനം ചെയ്യുന്നു. സ്വർഗ്ഗീയ ആശ്വാസത്തിന്റെ ഈ ദ്വിവിധ സ്വഭാവങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനു മുൻപായി തി. ഹൃദയത്തോടുള്ള നിരന്തരമായ അഭയാത്ഥനം സവ്വവിധ സന്താപങ്ങളുടേയും മൂലച്ഛേദനം തന്നെ ചെയ്യുന്നതിനു പര്യാപ്തമാണെന്നുള്ളവസ്തുത നാം ഗ്രഹിക്കണം.

ജീവിതരംഗത്തിൽ ഇപ്രകാരം ഇതു അനുഭവിച്ചറിഞ്ഞിട്ടുള്ളവരും, മനുഷ്യസാദ്ധ്യമായ സർവ്വ ശ്രമങ്ങളും പരാജയത്തിൽ കലാശിച്ചതിന്റെ ശേഷം തി. ഹൃദയത്തിൽ അഭയംതേടി മുക്തിനേടിയവരുമായ ഭക്തന്മാരുടെ സഹസ്രകണക്കിനുള്ള കൃതജ്ഞതാപ്രകാശങ്ങളല്ലയോ "തിരുഹൃദയ ദൂതൻ" തുടങ്ങിയ പ്രതിമാസപത്രികകളുടെ പക്ഷങ്ങൾ നിറഞ്ഞു നാം കണ്ടുവരുന്നതു്! എന്നാൽ ഈമാതിരി അനുഗ്രഹങ്ങൾ കേവലം അസാദ്ധ്യമായും, ചില പ്രത്യേക ക്ലേശങ്ങൾ മാറുന്നതു് നമുക്കു ഗുണകരമല്ലാതെയും കലാശിക്കുന്ന അവസരങ്ങൾ—ഉദാഹരണമായി, നമ്മുടെ പ്രേഷ്ഠജനങ്ങളുടെ മരണം ആദിയായ അവസരങ്ങൾ— അനവധിയാണ്. ഈ ദുരവസരങ്ങളിൽ നമ്മുടെ ലഭിക്കുന്ന ദൈവസഹായങ്ങളുടെ സ്വഭാവത്തിനു വ്യാഖ്യാനം ആവശ്യമുണ്ട്.

ദുഃഖങ്ങളുടെ മനുഷ്യൻ.— പാപത്തിന്റെ ശിക്ഷകൊണ്ടുമാത്രമല്ല, അതിനു ഒരു പ്രതിവിധിയായിട്ട കൃടിയാണു ദൈവം പീഡാരിഷ്ടതകളെ അനുവദിക്കുന്നതു്. അവ മനുഷ്യനെ നേരെ ദൈവസന്നിധാനത്തിലേയ്ക്കു ആനയിക്കുന്നു. സൌഭാഗ്യത്തിന്റെയും സുഭിക്ഷതയുടെയും കാലങ്ങളിലെന്നതിനെക്കാൾ, ദൌർഭാഗ്യത്തിന്റെയും ദുർഭിക്ഷതയുടെയും സമയങ്ങളിലാണ് നാം കൃത്യതയായി ദൈവസഹായം അപേക്ഷിക്കുന്നതെന്നു നമുക്കു അനുഭവസിദ്ധമാണല്ലോ. ദൈവം നമ്മുടെസ്വഭാവത്തെ അശക്തവും ക്ലേശവിധേയവുമായി നിർമ്മിച്ചിരിക്കുന്നതു് നാം അവിടത്തെ വിസ്മരിച്ചു കളയാതിരിപ്പാനാണ്. മാത്രമല്ല, മനുഷ്യരിൽ വച്ചു ഉത്തമനും നിസ്വാർത്ഥനുമായ തന്റെ ദിവ്യകുമാരനെത്തന്നെയും ദുഃഖങ്ങളുടെ മനുഷ്യനാക്കിക്കൊണ്ടു് സന്താപം സ്വതേതന്നെ തിന്മയല്ലെന്നുള്ള സത്യം ഹൃദയം കാണിച്ചുതന്നിരിക്കുന്നു. പീഡയാൽ നാം മിശിഹായോടുകൂടുതൽ അനുരൂപന്മാരാക്കപ്പെടുകയാണെന്നുള്ളസദുപദേശം നമ്മുടെപരീക്ഷക്ഷമാപൂർവ്വം സഹിക്കുന്നതിനു നമ്മെ ശക്തന്മാരാക്കിത്തീർക്കുന്നു.

നമുക്കു എത്രതന്നെ പ്രിയപ്പെട്ടസ്നേഹിതനായിരുന്നാലും നമ്മുടെ ആപത്തു കാലത്തു്, "താങ്കളുടെ ഈ ആപത്തിൽ ഞാൻ ഹൃദയപൂർവ്വം സഹതപിക്കുന്നു. ഏതുവിധത്തിലെങ്കിലും താങ്കളെ സഹായിക്കുന്നതിനു ഞാൻസന്നദ്ധനാണ്" എന്നു പറയുവാൻ മാത്രമല്ലാതെ കാര്യമായയാതൊരു സഹായവും ചെയ്യുന്നതിനു അവനു കഴിയുന്നതല്ല. മിശിഹായ്ക്കോ എന്നാൽ, തന്റെ തിരുഹൃദയ സ്നേഹത്താൽ ഇതിലധികവും ചെയ്യുവാൻ കഴിയും. അവിടുന്നുപറയുന്നു:— "മകനേ, നിന്റെ പീഡാഭാരം ലഘൂകരിന്നതിനാണ് ഞാൻ നിന്റെപക്കലേക്കു് വന്നിരിക്കുന്നതു. നിന്റെ പ്രതിസമ്മാനം മഹനീയമാകുവാൻ വേണ്ടിഇതു നീ ചുമക്കുന്നതിൽ നിന്നെഞാൻ സഹായിക്കുന്നുണ്ട്." ഒരുവൻ വാസ്തവത്തിൽ ബുദ്ധിമുട്ടുന്നതായികാണുകയും അവൻ അതിൽനിന്നു വിരമിച്ചാൽ അവനു ലഭിക്കുവാനിരിക്കുന്ന പ്രതിഫലം നഷ്ടപ്രായമകുമെന്നു മനസ്സിലാക്കുകയും,

ചെയ്യുന്ന ഏതൊരു യഥാർത്ഥസ്നേഹിതനാണ് ആജ്ഞാലിമതിയാക്കുന്നതിനു അവനെ ഉപദേശിക്കുന്നതു? സുഖപ്രഫ്തിക്കായി ഭിഷഗ്വരൻ വിധിക്കുന്ന ഔഷധം തിക്തരസപ്രധാനമാണെന്നുവച്ചു അതുസേവിക്കേണ്ടെന്നു സ്വപുത്രനോടു ഗ്രഹണദോഷിക്കുന്നതുപോലെ അത്രയുള്ള മൂഢന്മാരായ മാതാപിതാക്കന്മാരെ നാം കണ്ടെത്തുന്നതല്ല. ഇപ്രകാരംതന്നെ നാം വീഡിക്കപ്പെടുന്നതു നമുക്കു ഗ്രഹണകരമാണെന്നു കാണുമ്പോൾ ഈശോയുടെ തിരുഹൃദയം ഒരിക്കലും അതു സന്താപമൂലത്തെ നമ്മിൽ നിന്നും മാറുന്നതല്ല.

തി. ഹൃദയ ഭക്തയായ ഒരാത്മാവിനു ഈ ലോകം ദിവ്യരക്ഷകന്റെ സ്നേഹചരിത്രം അഭിനയിക്കപ്പെടുന്ന അതിവസ്തൃതമായ ഒരു നാടകരംഗമായി പ്രത്യക്ഷപ്പെടുന്നു. എല്ലാം നന്മയിലേക്കു തിരിയുന്നു. കഷ്ടപ്പാടുണ്ടാകുന്നു; എന്നാൽ അതു നമ്മെ വിശുദ്ധീകരിക്കുന്നതിനു മാത്രമാണ്. തി. ഹൃദയത്തോടുള്ള നമ്മുടെ ഭക്തി എത്രകണ്ടു ശക്തിമത്തായിരിക്കുന്നുവോ, അത്രകണ്ടു നമ്മുടെ ജീവിതവേളയിലെ ഓരോ ചെയ്തിയേയും നയിക്കുന്ന ദൈവിക മുൻനിശ്ചയത്തിലുള്ള നമ്മുടെ വിശ്വാസവും, നാം കഷ്ടപ്പെടുന്നതു നമ്മുടെ നന്മയ്ക്കാണെന്ന ദൈവം കണ്ടറിഞ്ഞിരിക്കെ നാം അനുഭവിക്കേണ്ട കീഴ്വഴക്കവും, നിമിഷംപ്രതിനമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്ന ദൈവസഹായത്തിലുള്ള നമ്മുടെ ശരണവും, ഓരോപരീക്ഷയിലും ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിയുകയും തന്നോടുക്രൂരത്വം അടുക്കുന്നതിനു അതിനെ ഒരുപകരണമാക്കുകയും ചെയ്യുന്ന നമ്മുടെ സ്നേഹവും, വലുതായിരിക്കും.

"സങ്കടപ്പെടുകയും ഭാരം ചുമക്കുകയും ചെയ്യുന്നവരെ, നിങ്ങൾഎല്ലാവരും എന്റെഅടുക്കൽ വരിക, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം."

സകല ആശ്വാസങ്ങളുടേയും ഉത്ഭവസ്ഥാനമായ ഈശോയുടെ തി. ഹൃദയമേ, ഞങ്ങളുടെമേൽ ദയയായിരിക്കേണമേ!

തിരുനാൾപംക്തി.

വിശുദ്ധശവരിയാർ.

മോറോദീപുകളിൽ

ഡിസമ്പർ ൩.

ഒരു നല്ല അജപാലനെപ്പോലെ നഷ്ടപ്പെട്ടുപോയ ആട്ടിൻകുട്ടങ്ങളെ അന്വേഷിച്ചു വിശുദ്ധ ശവരിയാർ മോറോദീപിൽ എത്തി.



ഗവർണർ സൗഹൃദപൂർവ്വം അയച്ച പടയാളികളോടുകൂടി
തുഞ്ചത്തെഴുത്തച്ഛൻ രൂപം ഉയർത്തിപ്പിടിച്ചുകൊണ്ട് വിശുദ്ധൻ
മോറോദ്വീപിലേക്കു പോകുന്നു.

ഉപേക്ഷിക്കപ്പെട്ടിരുന്ന ഈ കൂട്ടാളന്മാരെ സംബന്ധിച്ചുണ്ടായിരുന്ന ഭയം അഹ്ലാദമായി പരിണമിച്ചു. അവിടത്തെ ക്രിസ്ത്യാനികൾ അജ്ഞന്മാരും അവരിഷ്ക്കുരന്മാരും ആയിരുന്നു. അവരുടെ വസ്ത്രം മരപ്പട്ട മാത്രമാണ്. ഫലമൂലാദികളായിരുന്നു അവരുടെ പ്രധാനമായ ആഹാരസാധനം. രാജ്യത്തിൽ സഞ്ചാര സൌകര്യാർത്ഥം റോഡുകൾ ഒന്നുംതന്നേ ഉണ്ടായിരുന്നില്ല. ചുരുക്കം ചില വഴികൾ ഉണ്ടായിരുന്നതു തന്നേ കുന്നുകളിൽക്കൂടിയും വൻകാടുകളിൽക്കൂടിയും ആയിരുന്നു. ഇതിനും പുറമേ ഈ ഊടുവഴികളിൽ പലേടത്തും "താവരോസു" എന്നു പറയപ്പെട്ടിരുന്ന ഒരു തരം ഹിംസ്രവർഗ്ഗക്കാരും ഉണ്ടായിരുന്നു ഇപ്രകാരമുള്ള ഈ സ്ഥലത്തു വിശുദ്ധ ശവരിയാർ മൂന്നു മാസത്തോളം സുഖമായും സന്തോഷമായും താമസിച്ചു.

തദനന്തരം വിശുദ്ധൻ പിണ്ടും ടേർനേറ്റ്ദ്വീപിൽ എത്തുകയും രാജാവുമായിൽ ക്രിസ്തുമതത്തെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. രാജാവോ! എന്നാൽ! ഒരു നൂറിൽപരം ഭാര്യമാരേയും അസംഖ്യം വെപ്പാട്ടിമാരേയും സംരക്ഷിച്ചിരുന്ന ഒരു മഹമ്മദീയനായിരുന്നു. ഇദ്ദേഹമുണ്ടോ ഏക ഭാര്യത്വത്തെപ്പറ്റി പഠിപ്പിക്കുന്ന സുവിശേഷം സ്വീകരിക്കുവാൻ പോകുന്നു? അതുമല്ല; ഈ നൂതനമതപ്രസംഗത്താൽ രോഷാകുലനായ രാജാവു ക്രിസ്തുമത പീഡനവും ആരംഭിച്ചു. അനന്തര വർഷം കഴിഞ്ഞ പ്രോട്ടസ്റ്റന്റുകാരും മഹമ്മദീയരുടെ സഹായത്തിനായി വന്നുചേർന്നു. ഏതൽഫലമായി പട്ടക്കാർ ബഹിഷ്കൃതരാവുകയും ക്രിസ്ത്യാനിവംശം കൊന്നൊടുക്കപ്പെടുകയും ചെയ്തു. ഇപ്രകാരമായിരുന്നു മോറോദ്വീപിൽ ക്രിസ്തുമതം പ്രായേണ നാമാവശേഷമായിത്തീർന്നതു.

ഈ (സെപ്തംബർ) ലക്കം ചിത്രങ്ങളുള്ള വിശുദ്ധ ശവ്യർ പുണ്യവാളന്റെ ജീവചരിത്രം ഇവിടെ 'മദ്ധ്യസ്ഥൻ' ആഫീസിൽ തീരുന്നു വില്ലാനുണ്ടു.

ദേവാലയാപഹരണം.

(ശ്രീമാൻ സി. അന്തപ്പായി, ബീ. ഏ.)

കേരളത്തിൽ ആദ്യമായിവന്ന പ്രോട്ടസ്റ്റന്റ് മിഷ്യനറിമാരുടെ പ്രാബല്യത്താൽ ചില ദേവാലയങ്ങളെ ബലാൽകാരമായി ഉടമസ്ഥന്മാരിൽ നിന്നും അപഹരണം ചെയ്ത കഥയാണ് ഇവിടെ പറയുവാൻ പോകുന്നതു. എങ്കിലും അതോടുകൂടെ ചില സാഹചര്യങ്ങളും വിവ

രിക്കേണ്ടിയിരിക്കുന്നു. അബദ്ധങ്ങളായുള്ളവയെ നീക്കി സംസ്കരിക്കപ്പെട്ട ക്രിസ്തീയവിശ്വാസങ്ങളെ ഈ കേരളത്തിൽ പ്രചരിപ്പിക്കണംഎന്ന ഉദ്ദേശ്യത്തോടു കൂടെയാണു ആ പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ വന്നതു്. എന്നാൽ ഇവർ ഭാവിക്കുന്ന സംസ്കൃതങ്ങളായ വിശ്വാസങ്ങളുടെയും നടപടികളുടെയും സ്വഭാവം ഏകദേശം എന്തായിരുന്നു എന്നു വായനക്കാർക്കു കാണാം.

മലയാളരാജ്യത്തെ കത്തോലിക്കു, യാക്കോബായ, എന്നീ രണ്ടുതരം സുറിയാനിക്രമക്കാരായ ക്രിസ്ത്യാനികളെക്കുറിച്ചു ഇംഗ്ലണ്ടിലുള്ളവരെ ആദ്യമായി അറിയിച്ചു കൊടുത്തതു് ഡോക്ടർ ക്ലോഡിയൂസ് ബുക്കാനൻ എന്ന ഇംഗ്ലീഷുകാരൻ ആയിരുന്നു. 1809-ൽ നടന്ന ചർച്ച് മിഷ്യനറിസഭയുടെ വാർഷികോത്സവത്തിൽ വെച്ചു അദ്ദേഹം ചെയ്ത പ്രസംഗവും, 1811-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച "ആസ്യയിലെ ക്രിസ്ത്യാൻ അന്വേഷണങ്ങൾ" (Christian Researches in Asia.) എന്ന പുസ്തകവും, ഇംഗ്ലീഷുകാരുടെ ശ്രദ്ധയെ ആകർഷിച്ചു. അനന്തരം, ഇവിടെ രണ്ടാമത്തെ ബ്രിട്ടീഷ് റെസിഡൻറായിരുന്ന കർണ്ണൽ മൺറൊ, ഈ നാട്ടുകാരായ ക്രിസ്ത്യാനികളെ പഠിപ്പിക്കുവാൻ ഏതാനും വൈദികന്മാരെ അയച്ചുതരണമെന്നു ആംഗ്ലിക്കൻ സഭക്കാരിൽ ചിലർക്കെഴുതി. ഇവിടെയുള്ള ക്രിസ്ത്യാനികൾ അജ്ഞാനത്തിൽ മുങ്ങിയിരിക്കുന്നു എന്നും അന്യജാതിക്കാർ അവരെ ഞെരുക്കിവരുന്നു എന്നും അദ്ദേഹം അവരെ അറിയിച്ചു. ഈ അപേക്ഷ ഇംഗ്ലണ്ടിലെ ചർച്ച് മിഷ്യനറിസഭക്കാർക്കു കിട്ടിയപ്പോൾ റവ: നോർട്ടൻ, റവ: ബയിലി, എന്ന രണ്ടുമിഷ്യനറിമാർ 1816–ൽ റവ. ഫെൻ. റവ. ബെയിക്കർഎന്നവരെരണ്ടുമിഷ്യനറിമാർ 1818–ൽ കോട്ടയത്തു വന്നുചേർന്നു. അക്കാലത്തു യാക്കോബായക്കാരുടെ മെത്രാൻ മൂന്നാംദിവന്നാസ്യോസ് എന്നദ്ദേഹമായിരുന്നു. അദ്ദേഹം "കയ്യൻ മെത്രാൻ" എന്ന പേരാലും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിനു മെത്രാൻ പട്ടം ലഭിച്ചതിനുമുമ്പു കോട്ടയത്തു പുന്നത്ര ഗീവറുഗീസുകത്തനാർ എന്ന നാമധേയം ധരിച്ചിരുന്നു. ദിവന്നാസ്യോസും ഈ മിഷ്യനറിമാരും തമ്മിൽ വളരെ സൌഹാർദ്ദത്തോടെ കഴിഞ്ഞുപോന്നു. മെത്രാന്റെ അനുമതിയോടുകൂടി അവർ പുത്തൻക്കൂർ പള്ളികളിൽ സപ്തദിവസം പ്രസംഗിക്കുവാനും തുടങ്ങി. പഠനകാര്യങ്ങൾക്കായി റവ: ബെയ്ലി യാക്കോബായ സെമിനാരിയിൽ പാർത്തു. വേദപുസ്തകം ഭാഷാന്തരംചെയ്യുന്നതിനും അച്ചടിയന്ത്രം സ്ഥാപിച്ചു നടത്തുന്നതിനും അദ്ദേഹം ശ്രമങ്ങൾചെയ്തു. റവ: ഫെൻ സെമിനാരിയുടെ അധിപത്യം വഹിച്ചു. ബെയിക്കർ പുത്തൻക്കൂർ സുറിയാനിക്കാർക്കുണ്ടായിരുന്ന എഴുപത്തി രണ്ടുപള്ളികളെ മുറ്റും സന്ദർശിച്ചുകൊണ്ടിരുന്നു. യാക്കോബായക്കാരുടെ വക പാഠശാലകൾക്കു വേണ്ടിയുള്ള പുസ്തകങ്ങളും ഉപാദ്ധ്യായന്മാരുടെ ശമ്പളവും ചർച്ച് മിഷ്യനറിസഭക്കാർ കൊടുത്തുവന്നു. കർണ്ണൽമൺറൊ 1818–ൽ അടിപ്രായപ്പെട്ടതനുസരിച്ചു പുത്തൻക്കൂർമെത്രാനെ സെമിനാരി ധനശേഖരത്തിൽനിന്നു ഒരു ശമ്പളം കൊടുത്തുതുടങ്ങി. ഈ

ങ്ങനെയിരിക്കെ മിഷ്യനറിമാരുടെ ആലോചനപോലെ സഭാകാര്യങ്ങളെ നടപ്പിക്കേണ്ടതിന്നായി പട്ടക്കാരുടേയും ജനങ്ങളുടേയും ഒരു യോഗം 1818–ൽ ദിവന്നാസ്യോസുമെത്രാൻ മാവേലിക്കരെ വിളിച്ചുകൂട്ടി. ആ യോഗത്തിൽ സംബന്ധിച്ചിരുന്ന 700–ൽ പരം ജനങ്ങളോടും 40 വൈദികന്മാരോടും വേ: ഫെൻ ഒരു പ്രസംഗംചെയ്തു. അതിൽ 1–മിഷ്യനറിമാരും പുത്തൻക്രൂറുകാരും തമ്മിൽ സഭാകാര്യങ്ങളിലുണ്ടാകുന്ന ഐക്യത്തേയും, 2—പള്ളിക്രമങ്ങളിൽ തിരുത്തൽചെയ്യേണ്ടുന്നതിനേയും, 3— പട്ടക്കാർ വിവാഹം ചെയ്യുന്നതിന്റെ ആവശ്യകതയേയും, 4=ജനങ്ങൾക്ക് അറിയാവുന്ന ഒരു ഭാഷയിൽ ആരാധന നടത്തേണ്ടുന്ന പ്രമാണത്തേയും, 5—കത്തനാർമാർ, ജനങ്ങൾ, എന്നിവരുടെയിടയിലുള്ള പ്രമുഖന്മാരുടെയും മൂപ്പന്മാരുടെയും മുറകളേയും, 6—മെത്രാന്റെയും മിഷ്യനറിമാരുടെയും മദ്ധ്യന്മാരുടെയും അധികാരപ്രകാരം പ്രാപ്തിയുള്ള കത്തനാർമാരെ പള്ളിക്കാര്യങ്ങൾ നടത്തുവാൻ നിയമിക്കുന്നതിനേയും കുറിച്ചു അദ്ദേഹം പ്രസ്താവിച്ചു. എങ്കിലും, ഈ യോഗത്താൽ മിഷ്യനറിമാർ ഉദ്ദേശിച്ചിരുന്ന ഫലങ്ങൾ ഉണ്ടായില്ല.

പിന്നെ അവർ നോക്കിയ വേറെ ഒരു മാർഗ്ഗം യാക്കോബായപ്പട്ടക്കാരെക്കൊണ്ടു വിവാഹം ചെയ്യിക്കുക എന്നതായിരുന്നു. ഈ വിഷയത്തിൽ അക്കലേശവരെ ചെയ്ത ശ്രമങ്ങളാൽ വിവാഹംചെയ്വാൻ നാലു പട്ടക്കാരെ കിട്ടുന്നതിനു മാത്രമേ അവർക്കു സാധിച്ചുള്ളു. ഈയവസ്ഥകളിൽ വിവാഹം ചെയ്യുന്ന ഓരോ പട്ടക്കാരനും രാജാ രൂപാ വീതം ഇനാം കൊടുക്കാമെന്നും ഓരോരുത്തന്റെ കുടുംബരക്ഷണത്തിനു ധനസഹായം ചെയ്യാമെന്നും മൺറൊസായിപ്പ് വാഗ്ദാനം ചെയ്തു. ഇങ്ങനെ രണ്ടു സംവത്സരങ്ങൾകൊണ്ടു, യാക്കോബായക്കാർക്കു അക്കാലത്തുണ്ടായിരുന്ന ഏകദേശം പതിറ പട്ടക്കാരിൽ പാറ പേർ വിവാഹം ചെയ്തു. മൺറൊ, റസിഡന്റും തിരുവിതാംകൂർ ദിവാനും എന്ന രണ്ടു സ്ഥാനങ്ങൾ വഹിച്ചിരുന്നതിനാൽ സൂര്യനിക്കാക്കു പൊതുവേയും പുത്തൻക്രൂറുകാക്കു വിശേഷിച്ചും ജഡ്ജി, തഹശീൽദാർ, അമീനാദാർ മുതലായ ഉദ്യോഗങ്ങൾ കൊടുത്തു.

ഇതുകൊണ്ടൊന്നും പ്രോട്ടസ്റ്റന്റ്കാർ ഉദ്ദേശിച്ചിരുന്ന ഫലങ്ങൾ ഉണ്ടായില്ലെന്നു കണ്ടിട്ടു ദിവന്നാസ്യോസ് മെത്രാനെക്കൊണ്ടതന്നെ വെണ്ണ കെട്ടിക്കുവാനുള്ള ഉത്സാഹം അവർ ചെയ്തുതുടങ്ങി. അദ്ദേഹം മിഷ്യനറിമാരുടെ ഒരു സ്നേഹിതനും അവരുടെ ഉപദേശാനുസാരം പ്രവർത്തിച്ചുപോന്ന ആളുമായിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തിനു വിവാഹം ചെയ്യാൻ മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ടു അദ്ദേഹം കൊടുത്ത മുറപടി, തന്റെ കൂട്ടുകാരായ പഴയ ക്രൂറുകാർ തന്നെ ആക്ഷേപിക്കാതിരിക്കുവാൻ അവരുടെ നാലു പള്ളികൾ തനിക്കു കൈവശപ്പെടുത്തിക്കൊടുത്താൽ പരിഗ്രഹിക്കാമെന്നായിരുന്നു. കോട്ടയം, പിറവം, മങ്ങാട്ടുശ്ശേരി, അലുവാപ്പുഴ എന്നീ നാലു പള്ളികളായിരുന്നു

അദ്ദേഹം അവശ്യപ്പെട്ടത്. ഇവയിൽ കോട്ടയം, പിറവം, രണ്ടു കുട്ടനാടുകളും ചങ്ങനാശേരി, അലപ്പുഴ, പഴയ കുറുകാരുടെതന്നെ വകയും ആയിരുന്നു. മെത്രാന്റെ ഈ അപേക്ഷ മിഷ്യനെറിമാർ കല്ക്കട്ടയിൽ മൺറൊവിനെ അറിയിച്ചു. ആ നാലു പള്ളികളും പുത്തൻ കുറുകാർക്ക് കൈവശപ്പെടുത്തിക്കൊടുക്കുന്നതിനു കൊല്ലവർഷം 1086-ൽ രാജ്യം ഭരിച്ചിരുന്ന റാണി പാർവ്വതീബായി തിരുമനസ്സു മുഖാന്തിരം ഒരു തിരുവെഴുത്തു വിളംബരം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതനുസരിച്ചു റസിഡന്റും സർക്കാർ അധികൃതന്മാരും കോട്ടയത്തും പിറവത്തും എത്തി പഴയ കുറുകാരെ ബഹുമായി ഇറക്കിക്കൊണ്ടു ആ പള്ളികൾ പുത്തൻകുറുകാർക്ക് കൈവശപ്പെടുത്തിക്കൊടുത്തു. അനന്തരം ചങ്ങനാശേരിയിൽ അവർ എത്തി, പഴയകുറുകാരുടെ വകയായ അവിടത്തെ പള്ളി പുത്തൻ കുറുകാർക്ക് വിട്ടുകൊടുക്കണമെന്നു പറഞ്ഞ് പള്ളിക്കാരെ നിർബന്ധിച്ചു. അവർ അതിനു സമ്മതിക്കായ്കയാൽ പള്ളി ബഹുമായി തുറന്നു, കൂടെയുണ്ടായിരുന്ന ദുരാസ്ഥന്മാരായ ചില പുത്തൻകുറുകാർക്ക് അതു കൈവശപ്പെടുത്തിക്കൊടുത്തു. ഇതിനു ശേഷം പഴയ കുറുകാർ ഒരു കൌശലപ്രയോഗത്താൽ പള്ളി തുറപ്പിക്കയും എല്ലാവരും പള്ളിയിൽ കയറി അകത്തുണ്ടായിരുന്ന ചില പുത്തൻ കൂർ പട്ടക്കാരേയും ജനങ്ങളേയും ഓടിച്ചു കളകയും ചെയ്തു. അപ്പോൾ അവർ കോട്ടയത്തുചെന്ന് വിവരം മിഷ്യനെറിമാരെ അറിയിക്കയും പഴയകുറുകാർ ബഹുമായി പള്ളിയിൽപ്രവേശിച്ചു യുദ്ധത്തിന് കോപ്പു കൂട്ടിവരുന്നതായും മറ്റും റസിഡണ്ടിനെ ഗ്രഹിപ്പിക്കുകയും ചെയ്തു. ഉടനെ സർക്കാർ ഉദ്യോഗസ്ഥന്മാർ പട്ടാളക്കാരോടുകൂടെ ചങ്ങനാശേരിയിൽ എത്തി. എങ്കിലും പഴയകുറുകാരായ ഏതാനും പട്ടക്കാരും ജനങ്ങളും പള്ളിയിൽ പ്രവേശിച്ചിരുന്നതല്ലാതെ യുദ്ധത്തിനുള്ള ഒരുക്കങ്ങളൊന്നും അവർ കണ്ടില്ല. എന്നിട്ടും കണ്ടംകരി പീലിപ്പോസ് കത്തനാർ മുതലായ ഏതാനും കത്തോലിക്കാ വൈദികന്മാരെയും ജനങ്ങളെയും ആ ഉദ്യോഗസ്ഥന്മാർ പിടിച്ചു കൊല്ലത്തുകൊണ്ടുപോയി തടവിൽ പാർപ്പിച്ചു.

ഈ സംഭവങ്ങളെല്ലാം അന്നു കൊല്ലത്തെ കമാണ്ടിംഗ് സർജന്റായും ഒരു കത്തോലിക്കാ സ്ത്രീയുമായിരുന്ന മറിയമ്മ അറിഞ്ഞു് ഇതു അധികം അനീതികൾ ചെയ്യുന്ന ഒരു രാജ്യത്ത് താമസിക്കുന്നതല്ലെന്നു ഭർത്താവിനോടു പറകയാൽ അയാൾ വിവരമെല്ലാം മദ്രാസ് ഗവർണ്മെന്റിനെ എഴുതി അറിയിക്കയും ഉടനെ മൺറൊ ദ്വാരയെ റസിഡന്റ് ഉദ്യോഗത്തിൽ നിന്ന് ഒഴിവാക്കയും അതോടുകൂടെ കത്തോലിക്കാ ദേവാലയാപഹരണം തൽക്കാലം അവസാനിക്കയും ചെയ്തു. 1994-ൽ പ്രസിദ്ധപ്പെടുത്തിയ മറ്റൊരു തിരുവെഴുത്തുവിളംബരത്താൽ മേൽപറഞ്ഞ നാലു പള്ളികൾ പഴയ കുറുകാർക്കുതന്നെ കൊടുക്കണമെന്നു കല്പിച്ചുവെങ്കിലും കോട്ടയം, പിറവം, പഴയ കുറുകാർക്കു കിട്ടുവാൻ കഴിയായ്കയാൽ അവർ വേറെ പള്ളിസ്ഥാപിക്കേണ്ടിവന്നു. ദിവ

ന്നാസ്യോസുമെത്രാൻ 1825 മെയ് മാസം 15-൹ന-, വിവാഹംചെയ്യുന്നതിനിടവരാതെ മരിക്കയും ചെയ്തു.

മുൻ പ്രസ്താവിച്ച പ്രകാരം, സംസ്കരിക്കപ്പെട്ട ക്രിസ്ത്യാനി മതമെന്നതങ്കൽ ഭാവിച്ച മതം ഈ നാട്ടിൽ പ്രചരിപ്പിക്കുവാനാണല്ലോ പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ വന്നത്. എന്നാൽ അവർ കാണിച്ചുകൊടുത്ത ദൃഷ്ടാന്തങ്ങളിതാണ്' മുകളിൽ വിവരിച്ചവിധമായിരുന്നു!! അന്യൻറെ മുതൽ അപഹരിക്കുന്നതു് പാപമാണെന്ന് പ്രോട്ടസ്റ്റൻറ് വേദപുസ്തകങ്ങളിലും കാണുന്നുണ്ട്. എങ്കിലും അപഹൃതങ്ങളായ വസ്തുക്കൾ ഉടമസ്ഥന്മാർക്ക് തിരിയെ കൊടുത്തു് അനുതപിക്കാതെ, കൈവശം വെച്ചുകൊണ്ടിരുന്നാലും മുക്തി പ്രാപിക്കാമെന്ന മേൽ പറഞ്ഞ മിഷ്യനറിമാർ വിശ്വസിച്ചിരുന്നതായി അവരുടെപ്രവൃത്തികൾ കൊണ്ട് തോന്നിപ്പോകുന്നു. പാപപ്പെട്ട ഉറിയായെ കൊല്ലിച്ചു് അയാളുടെ ഭാര്യയായിരുന്ന ബത്ഷേബായെ പരിഗ്രഹിച്ച ദാവീദിൻറെ പ്രവൃത്തിയെ അവർ സാധൂകരിക്കുമായിരുന്നുവോ? (പ്രേഷിതൻ)

വർത്തമാനകുറിപ്പുകൾ.

ചങ്ങനാശേരി പാറേപ്പള്ളിത്തിരുനാൾ

പ്രസ്തുതപള്ളിയിൽ പരിശുദ്ധ കന്യകമറിയത്തിൻറെ അമലോത്ഭവപ്രാപ്തിത്തിരുനാൾ പതിവനുസരിച്ചു ഡിസമ്പർ 8-൹ന-ആരംഭിച്ചു് 17-൹ന-അവസാനിക്കുന്നതാണ്. തിരുനാൾ അവസാനിക്കുന്നതിനു മുമ്പായിട്ടു് പരിശുദ്ധകർമ്മാനുഷ്ഠാനത്തിനുവേണ്ടി ടി പള്ളിസന്ദർശിച്ചു് പരിശുദ്ധ പിതാവിൻറെ നിയോഗാർത്ഥം പ്രാർത്ഥിക്കുന്നവർക്കു മുഴുവൻ ദോഷപരിഹാരാർത്ഥം പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് കല്പിച്ചനുഗ്രഹിയിട്ടുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

ഒരു സുപ്രസിദ്ധ ഗ്രന്ഥകർത്രിയുടെ മാനസാന്തരം.

പതിനെട്ടിൽ പരം നോവലുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സുപ്രസിദ്ധ വിദുഷിയായ ഷോയ കൈസ്തുമ്മത് അവർകൾ കഴിഞ്ഞ അഗ്സ്റ്റയിൽ ഗ്രന്ഥകർത്രിയായ റവ. ഫാദർ സി. സി. മാർട്ടിൻ ഡെയിൽ അവർകളാൽ കത്തോലിക്കാസഭയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. മിസ്സ് സ്മിത്ത് പ്രോട്ടസ്റ്റൻറായ എഡിത്ത് സ്മിത്ത് എം. ആർ. സി എസ്സ്. എൽ. ആർ. സി. പി. അവർകളുടെ പുത്രിയും ബാരിസ്റ്റർ ജോർജ്ജോൺഹ്സ്റ്റൈ അവർകളുടെ പുത്രനായ റവ. പെർസിവൽ ഹ്സ്റ്റൈ അവർകളുടെ ഭാര്യ

യുമാണ്. തന്റെ പ്രേമഭാജനത്തെ അനുഗമിച്ചു ഭർത്താവും കത്തോലിക്കനായി എന്നാണറിയുന്നത്. മിസ്സ് സ്മിത്ത് ലണ്ടനിലെ വാറൻ സ്ട്രീറ്റിലുള്ള അമേരിക്കൻ പുള്ളിയിൽവച്ചാണ് മാനസാന്തരപ്പെട്ടത്. അടുത്തകാലത്തു സത്യസഭയിൽ ചേർന്നിട്ടുള്ള ചേസ്റ്റർട്ടൺ, ചാൾസ് കിങ്ങ്സ്ലിയുടെ പുത്രി ലൂക്കാസ് മാലേറ്റ്, രാജകീയുടെ ഭാഗിനേയിയായ മിസ്സസ് കോർണിഷ്, ഡീക്കൻസിന്റെ മരുമകളായ ജെഫ്രാ ഡിക്കൻസ്, ടെന്നിസൻ ഹാലാർഡിന്റെ സഹോദരിയായ ഡാൻതാൻ പ്രഭൃതിയുടങ്ങിയുള്ള ഇംഗ്ലണ്ടിലെ സുപ്രസിദ്ധ നോവലെഴുത്തുകാരുടെ മാനസാന്തരത്തിനുശേഷം മിസ്സസ് സ്മിത്ത്, വാൾട്ടർ വെൽസ്റ്റൻ എന്നീ വിഭ്രമവിദ്വാന്മാരുടെ മാനസാന്തരമെന്ന ചരിത്രപ്രസിദ്ധവും അങ്ങേയറ്റം ഒന്നാടക്കം ഇളക്കിയിരിക്കുന്നുവെന്നും പ്രക്ഷോഭജനകവും ആയിരിന്നിട്ടുള്ളതു. അകപ്പാടെ ഇംഗ്ലണ്ടിലെ അകത്തോലിക്കരുടെ ഇടയിൽ കത്തോലിക്കാസഭയിലേക്കു ഗണ്യമായ വിധത്തിൽ ഒഴുക്കുണ്ടായി എന്നുള്ളതു അനിഷേധ്യമാണ്. കേരളത്തിലെ പ്രൊട്ടസ്റ്റന്റുകാർ ഈ വിവരമാനും അറിയുന്നില്ലയോ എന്തോ?

ചൈനായിലെ മാനസാന്തരം.

കിയാംസൂവിലെ മിഷ്യനിൽ 1928-ൽ 350 ബുദ്ധമതസ്ഥരെ മാമ്മോദീസമുങ്ങിയുള്ളു. എന്നാൽ ഈ 1929-ജൂൺമാസംവരെ 600 അജ്ഞാനികൾ മാനസാന്തരപ്പെട്ടിട്ടുണ്ട്. ഇതു പ്രായപൂർത്തിവന്നവരുടെ കണക്കാണ്.

വീണ്ടും അംഗ്ലിക്കൻ വനിത!

ആദ്യം എപ്പിസ്കോപ്പലിയൻ സഭാംഗവും കഴിഞ്ഞ രണ്ടു വർഷങ്ങളായി ഹൈച്ചർച്ച് പാർട്ടിയിലെ ഒരു പ്രമുഖാംഗവും, ഇന്റർനാഷ്യണൽ ലിവിങ്ങ് റോസറിയിലെ അമേരിക്കൻ ശാഖയുടെ സെക്രട്ടറിയുമായിരുന്ന മിസ്സ് വേർജീനിയാ യേർഗർ എന്ന സ്ത്രീരത്നവും ഈയിടെ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിരിക്കുന്നു. ഈ മഹതിയുടെ ക്ലേശത്തിൽ വേറെ അനുവർക്കൂടിയും മാനസാന്തരപ്പെട്ടിരിക്കുന്നതായി സ്റ്റാൻഡാർഡ് ആൻഡ് ടൈംസ് പത്രം പറയുന്നു.

ജപ്പാൻ ചക്രവർത്തി

വിശുദ്ധ കുർബാനയെപ്പറ്റി തന്റെ മുമ്പാകെവച്ചു ഒരു പ്രസംഗം പറയുന്നതിനായി ജപ്പാനിലെ ഒരു ഫ്രാൻസിസ്കൻ ഫാദറിനോടു ചക്രവർത്തി സദയം കല്പിച്ചാവശ്യപ്പെട്ടതനുസരിച്ചു പ്രസംഗം നടത്തിയിരിക്കുന്നു.

അഭിപ്രായത്തിന് അയയ്ക്കപ്പെട്ട സെന്റ് ബക്ക്മാൻസ് കോളെജ്ജ് മാഗസിൻ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു.

മരണവാർത്തകൾ.

വ്യാഴാഴ്ച ഇടവക ശ്രേമ്പിക്കൽ ചിറയിൽ ശ്രീമതിമറിയ, 80—ാ മത്തെവയസ്സിലും, കുടലൂർ വഴയവള്ളി ഇടവക കരോട്ട് ഔസേപ്പ് 50—ാ മത്തെ വയസ്സിലും അന്ത്യക്രമാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുക്രമാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

കൃതജ്ഞതാപ്രകാശനം.

വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ ഉണ്ടായിട്ടുള്ള കാര്യസാധിച്ചതിനു വി. എഫ്. വക്കീ. കയും വിശുദ്ധ യൌസേപ്പു പുണ്യവാന്റെ സഹായത്താൽ ഭാര്യയുടെ സുഖക്കേടു ഭേദമായതിനു തോണക്കരെ മത്തായി. കയും, വിശുദ്ധ റീത്താപുണ്യവതിയുടെ മദ്ധ്യസ്ഥത്താൽ കഴിഞ്ഞ സ്കൂൾ ഫൈനൽ പരീക്ഷയിൽ പാസ്സായതിനു വി എസ്സ് പോത്തൻ. കയും ഉപകാരസ്മരണയായി അയച്ചിരിക്കുന്നു.

പരസ്യങ്ങൾ.

ക്രിസ്തുമസ്സ് വിൽപ്പന.

ഒരു അണ മുതൽ പന്ത്രണ്ടു അണ വരെ വിലയുള്ള ഭംഗിയേറിയ പുതിയ ക്രിസ്തുമസ്സ് കാഡ്സുകളും ഒന്നര അണ മുതൽ ഒന്നര രൂപാ വരെ വിലയുള്ള (Cribs) പിറവിത്തൊഴുത്തുകളും വില്പാനുണ്ട്.

കച്ചവടക്കാക്ക് പ്രത്യേക നിരക്ക്.

ഒന്നര രൂപാ മണി ഓഡർ ആയി അയച്ചുതന്നാൽ സാമിൽസ് അയച്ചു കൊടുക്കുന്നതാണ്.

സി സി. തോമസ് ബ്രദേഴ്സ്.
ചങ്ങനാശ്ശേരി.

വിഷയ വിവരണിക.

1. പരസ്യകൽപന.
2. ഇംഗ്ലണ്ടിലെ മാനസാന്തര പ്രവാഹം.
3. ചിന്താവിഷയം.
4. യഥാർത്ഥക്രിസ്തീയ ഐക്യം.
5. മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതു്
6. തിരുഹൃദയ വാഴ്ചാനുഷ്ഠാനം.
7. വിശുദ്ധശരീരർ.
8. ദേവാലയാപഹരണം.
9. വർത്തമാനക്കുറിപ്പുകൾ.
10. മരണവാർത്തകൾ.
11. കൃതജ്ഞതാപ്രകാശനം
12. പഞ്ചാംഗം.
13. പരസ്യങ്ങൾ.

പഞ്ചാംഗം.

ഡിസംബർ മ-ത. ധനു വൻ.

ഇം.	മല.	
1.	16.	ഞാ. ✠ ആഗമനം ഛ—ാം ഞായർ ന. കു. ആ. കദ്. ഛ. കദ്. സുവാറാ. അടുത്ത ന—ാംന—. ആദ്യവെ.
8.	23.	ഞാ. ✠ ആഗമനം. ഖ—ാം. ഞ. എ. ഭാ. ക. മാതാവിന്റെ അമലോത്ഭവം. ന. കു. അറ്. 2. മെസ്
15.	30.	ഞാ. ✠ ആഗമനം. ന—ാം ഞ. റ. കു. ആ. കദ്. 3. അറ്.
22.	7.	ഞാ. ✠ ആഗ. ര—ാം ഞാ. ന. കു. ആ. അടുത്തചൊവ്വാ. ഒ. നെ. ബുധൻകടം. അറ് ര. കദ്.
25.	10.	ബ്യ. ✠ ന. ക. പിറവി. ന. കു. പെ ഇന്നുമുതൽ എട്ടുദിവസത്തേക്കു നേർച്ചകുർബാനകൾ ഒക്കയും മുടക്കം. പ്രേതം പ്രത്യക്ഷീകരിച്ചുള്ളതു ഇന്നുമാത്രം മുടക്കം.
29	14.	ഞാ. ✠ പിറവി. ഇടഞാ. ന. കു. ആ. കദ്. ഒ. മെസ്.

Registered No. T. 213. വേ: പ്ര. മദ്ധ്യസ്ഥൻ

അഞ്ചു വിശിഷ്ട ഗ്രന്ഥങ്ങൾ.

1.) പ്രണയപ്രവാഹം (ശ്രീമാൻ പി. ഉലഹന്നൻമാപ്പിളഎഴുതിയതു. റവ. ഡാക്ടർ ഏബ്രഹാം വടക്കയിൽ ബി. എ. അവർകളുടെപ്രൗഢമായ അവതാരികയോടുകൂടിയതു) വില ണ 12

ദിവ്യശ്രീ മറ്റത്തിൽ കുഴിൻകത്തനാർ അവർകളുടെ

2.) വിമർശനവിഹാരം ണ. 4 (3. സന്മാതൃകാഫലം ണ1 പൈ

4.) ഒരുവഞ്ചിയോ പലവഞ്ചിയോ ണ 2 (5. മാതൃകായുവാവു് ണ 1

അപേക്ഷിക്കുക, 'മദ്ധ്യസ്ഥൻ' ബുക്ക്ഡിപ്പോ, ചങ്ങനാശേരി.

സെൻട്രൽബാങ്കു് (ക്ലിപ്തം.)

ഡിപ്പോസിറ്റുകൾ സ്വീകരിച്ചു് താഴെ കാണുന്ന നിരക്കിൽ പലിശ കൊടുക്കും.

കറൻറു ഡിപ്പോസിറ്റു		ന ശതമാ.
സേവിംഗ്സ്	... ...	൪ ,,
സ്ഥിരം ആറു മാസത്തേക്കു്	... ...	൫ ,,
,, ഒരു വർഷത്തേക്കു്	... ...	൬ ,,
,, രണ്ടു വർഷത്തേക്കും അധികവും	... ...	൭ ,,

കൂടുതൽവിവരങ്ങൾക്കു് താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

കയ്യാലക്കകത്തു ജോസഫ് അഗസ്തി.
മാനേജിംഗ് ഡയറക്ടർ,

വാഴണ്ണി അൻറ് കൊ. പാലാ.

പള്ളികളിലേക്കു് ആവശ്യമുള്ള കാസാ, കുസ്തോതി, ധൂമക്കുറ്റി ആദിയായവ എപ്പോഴും വിൽക്കുന്നതിനു് തയാറുണ്ടു്. ഉയർന്തരം പട്ടിൽ നിർമ്മിതമായ അലുക്കു കുടകൾ എപ്പോഴും സ്റ്റോക്കിൽ ഉണ്ടായിരിക്കുന്നതാണു്.

കൂടാതെ എല്ലാത്തരം മുക്കുവേലകളും ഇംഗ്ലീഷ് ബാറ്ററിയുടെ സഹായത്താൽ വളരെ വൃത്തിയായി ചെയ്തുകൊടുക്കും.

വില എപ്പോഴും സഹായം. സാമാനങ്ങൾ ഏറ്റവും തൃപ്തികരം.

Printed and published by Rev. Fr. *M. Alakalam* at the St. Joseph's Orphanage Press' Changanacherry.